KOTTAYAM PUBLIC LIBRARY

Call No. MAI Acc. No. 19674

Author: അപ്പൻ തമ്പുരാൻ

Title: സംഘക്കളി

150

K. RAMA PISHAROTI, M.A.

19674

# സംഘക്കളി

KOTTAYAM PUBLIC LIBRARY
KOTTAYAM.

രാമവൎമ്മ അപ്പൻതമ്പുരാൻ.

(പകൎപ്പവകാശം)

MAl
APP-S

ഒന്നാംപതിപ്പ് — കോപ്പി ൫൦൦
൧൧൦൬/൧൯൩൦.

തൃശ്ശിവപേരൂർ
മംഗളോദയം അച്ചുകൂടത്തിൽ അച്ചടിച്ചതു്.
(വില ൪ അണ.)

# മുഖവുര

'പ്രാചീനഗ്രന്ഥമാല'യിൽ ചൊല്ലിയാട്ടം കഴിച്ചു; 'ചാത്തുപ്പണിക്കർ സ്മാരകപ്രസംഗ'ത്തിൽ ഉടുത്തുകെട്ടി മുടി വെച്ചു; 'പരിഷത്ത്രൈമാസിക'ത്തിൽ തിര പുറപ്പെട്ടു; ഇങ്ങനെയൊരു വിജാതീയസമ്പ്രദായത്തിലാണ് ഈ 'സംഘക്കളി' അരങ്ങുകയറീട്ടുള്ളതു്.

അവസരത്തിനും ഔചിത്യത്തിനും അനുസരിച്ചു വിസ്താരത്തിലും പ്രസ്താരത്തിലും ചില വേഷപ്പകൎച്ചകൾ വിഷയാകൃതിയിൽ വരുത്തേണ്ടി വന്നിട്ടുണ്ടു്. എന്നാൽ പ്രകൃതിമാററമൊന്നും വരുത്തീട്ടില്ല.

പാട്ടുകളും ശ്ലോകങ്ങളും എണ്ണത്തിലും വണ്ണത്തിലും ചുരുക്കീട്ടുള്ളതു സമഗ്രമായിക്കാണ്മാൻ ഉൽക്കണ്ഠയുള്ളവർ സാഹിത്യലോകസാമാന്യത്തിന്റെ രുചിപാകഭേദങ്ങളെ സദയം ആദരിച്ച 'പ്രാചീനഗ്രന്ഥമാല'യെത്തന്നെ സമാശ്രയിക്കേണ്ടതായി സംഗതിവശാൽ വന്നുചേൎന്നിരിക്കുന്നു.

ഗ്രന്ഥകാരൻ.

K. RAMA PISHAROTI, M.A.

# സംഘക്കളി

കേരളകുടുംബത്തിൽ പണ്ടുണ്ടായിരുന്ന കാരണവന്മാർ പണിപ്പെട്ടു നേടിവെച്ചിരുന്ന നാണ്യങ്ങളും നാണയവും എന്തുമാത്രം നഷ്ടകോടിയിൽ പെട്ടുപോയെന്നും എത്ര വളരെ നാശോന്മുഖങ്ങളായിതീൎന്നിരിക്കുന്നുവെന്നും ബാക്കി കയ്യിരിപ്പെന്തുണ്ടെന്നും പൎയ്യാലോചിക്കുവാനുള്ള ക്ഷമയും സൌകൎയ്യവും നമുക്കുണ്ടായിരുന്നുവെങ്കിൽ എന്തെന്നില്ലാത്ത അഭിമാനവും അപമാനവും ഒരേ സമയത്തു നമുക്കു തോന്നാതിരിക്കയില്ല; അഭിമാനം നമ്മുടെ പൂൎവ്വമഹിമയിൽ; അപമാനം നമ്മുടെ ആലസ്യംകൊണ്ടും ഔദാസീന്യംകൊണ്ടും അനാദരംകൊണ്ടും നാം എത്തിച്ചേൎന്നിട്ടുള്ള അവസ്ഥയിൽ.

കേരളചരിത്രമണ്ഡലത്തിൻെറ കേന്ദ്രം ഇതുവരെ ആൎക്കും കാണുവാൻ കഴിഞ്ഞിട്ടില്ല. കേരളസമുദായങ്ങളുടെ സംഖ്യയും സമുദായക്കെട്ടിൻെറ സമ്പ്രദായവും അതിൻെറ പ്രത്യേകതയും ഇന്നും ഗവേഷണഗൎത്തത്തിൽ കിടന്നു കളിക്കുന്നു. അന്യാദൃശമായ കേരളസംസ്കാരത്തിൻെറ വൈശിഷ്ട്യവും

വൈപുല്യവും ആലോചനക്കുതന്നെ വിഷയീഭവിച്ചിട്ടില്ല. കേരളത്തിലെ വിനോദങ്ങളെല്ലാം മാഞ്ഞുതുടങ്ങി, മന്ദഹാസം മങ്ങിത്തുടങ്ങി; മലനാട്ടിൽ കളിച്ചിരുന്ന ശൌൎയ്യവീൎയ്യപരാക്രമങ്ങളുടെ വിധമെല്ലാം പകന്നു, കേരളത്തിന്റെ കരളുടഞ്ഞു; ഉദിച്ചുയന്നു ലോകോത്തരമഹിമയോടുകൂടി പ്രകാശിച്ചിരുന്ന കേരളകലകൾ അസ്തോന്മുഖങ്ങളായി, കേരളത്തിന്റെ കണ്ണുകളും അടഞ്ഞു.

ഇത്രയും പരുങ്ങലിലായ നമ്മുടെ ജന്മഭൂവിന്റെ കഷ്ടസ്ഥിതിയെക്കുറിച്ചു പരിതപിച്ചുകൊണ്ടിരിക്കുന്ന ഒരവസരത്തിലാണ്, "ശ്രീമാൻ ടി. കെ. കൃഷ്ണമേനോൻ അദ്ദേഹത്തിന്റെ അച്ഛന്റെ സ്മാരകമായി ഈ മഹാവിദ്യാലയത്തിൽ വെച്ചു കൊല്ലംതോറും ഒരു പ്രസംഗം നടത്തുന്നതിന് ഒരു നിധി സ്ഥാപിച്ചിട്ടുള്ള സംഗതി അവിടന്ന് അറിഞ്ഞിരിക്കാം. മുൻകൊല്ലങ്ങളിൽ മഹാകവി ഉള്ളൂർ പരമേശ്വരയ്യർ, വി. കെ. നാരായണപിള്ള എന്നീ മഹാന്മാരെയാണു പ്രസംഗങ്ങൾക്കു ക്ഷണിച്ചിരുന്നത്. ഡാക്ടർ എസ്. കൃഷ്ണസ്വാമി അയ്യങ്കാരായിരുന്നു പ്രസംഗോൽഘാടകൻ. ഇക്കൊല്ലം 'സംഘക്കളി' അല്ലെങ്കിൽ 'കൂത്ത്' എന്ന വിഷയത്തെക്കുറിച്ചു പ്രസ്തുത പ്രസംഗപരമ്പര നടത്തുവാൻ അവിടത്തോട് ആവശ്യപ്പെടണമെന്നാണു കമ്മിററിയുടെ

ആഗ്രഹം. അതുകൊണ്ടു ടി പ്രസംഗങ്ങൾ ഇത്ത വണ അവിടന്നു നിർവ്വഹിച്ചുതരുവാൻ കമ്മിററിക്കു വേണ്ടി ഞാൻ താൽപര്യപ്പെടുന്നു" എന്നൊരു ക്ഷ ണം മഹാവിദ്യാലയാദ്ധ്യക്ഷനിൽനിന്ന് എനിക്കു കിട്ടിയതു്. അതിനെ തുടന്നു നിധിസ്ഥാപകനായ ടി. കെ. കൃഷ്ണമേനവൻെറ ഒരു എഴുത്തും വന്നുചേ ന്നു. "പോകുവാൻ പോകുന്ന കലകളിൽ ഒന്നാണ് 'സംഘക്കളി.' അതുകൊണ്ടു് ആ വിഷയംതന്നെ അവിടന്നു സ്വീകരിക്കണം" എന്ന നിർദ്ദേശവും അ തിൽ അടങ്ങിയിരുന്നു.

പിന്നെ ഞാൻ സംശയിക്കയുണ്ടായില്ല. ഈ ക്ഷണം ഒരു അഭിമാനവും അനുഗ്രഹവുമായി ഞാൻ കരുതി. എന്നല്ല, എൻെറ കുഴമടിക്കൊരു കൈ കണ്ട മരുന്നും ഇതുതന്നെയാണെന്നു ഞാൻ ഉറച്ചു; ക്ഷണം സ്വീകരിച്ചു, 'സംഘക്കളി' എന്ന വിഷയം തന്നെ ഉറപ്പിക്കുകയും ചെയ്തു.

ഊഹാപോഹങ്ങൾക്കു ധാരാളം വകയുള്ള ഒരു വിഷയമാണു "സംഘക്കളി." മനോരാജ്യത്തിനു കൂടി പിടികിട്ടാപ്പടി പഴക്കവും പരുക്കംതട്ടി തേ ഞ്ഞുമാഞ്ഞു കേരളചരിത്രത്തിൽ ഈ മാമൂൽ ഏ പ്പാടു മങ്ങിമറഞ്ഞുകിടക്കുന്നതായി കാണാം. ചില പ്പോൾ ചില ഐതിഹ്യങ്ങൾ വഴിയായും ചരിത്ര ശകലങ്ങളിൽക്കൂടിയും വസ്തുസ്ഥിതി അരുണോദയം

പോലെ പ്രകാശമാനമായി കണ്ടുവെന്നും വരാം. ശുദ്ധമണ്ഡലം ഇതുവരെ കണ്ണിന്നു നേരെ ആരും കാണുക കഴിഞ്ഞിട്ടില്ല.

"സംഘക്കളി" "കലയോ കമലയോ", അതു കളിയോ കാര്യമോ, വിനോദസാധനമോ വൈദികകർമ്മമോ മതാചാരമോ സമുദായാചാരമോ, അതോ ഏതെങ്കിലും ചരിത്രസംഭവത്തിൻേറയോ സംഭവങ്ങളുടേയോ സ്മാരകമോ, അതിൽ കേരളചരിത്രത്തിൻെറ പ്രതിച്ഛായ വല്ലതും ഉണ്ടോ, അതിനെത്ര മുഖങ്ങളുണ്ട്, അതെന്നുണ്ടായി, അതിൻെറ ആഗമമെന്തു്, ചരിത്രഗതിയെന്തു്, സ്വരൂപമെന്തു്, ചടങ്ങെന്തു് എന്നീവക ചോദ്യങ്ങൾക്കു വളരെ അന്വേഷിച്ചും ആലോചിച്ചും അനുമിച്ചും സംശയിച്ചും വേണ്ടതായിരിക്കുന്നു മറുപടി പറയുവാൻ.

സംഘക്കളി, യാത്രക്കളി, ശാസ്ത്രക്കളി, സത്രക്കളി, ചാത്തിരക്കളി, ശാസ്ത്രാംഗം, ക്ഷാത്രാംഗം, ശാസ്ത്രാങ്കം, പാനക്കളി, പാനങ്കളി, പാനയും കളിയും എന്നിങ്ങനെ പല പേരുകളും മലയാളനാട്ടിലുള്ള ഈ പ്രത്യേക ഏപ്പാടിന്, ഈ ആചാരമര്യാദക്കു്, കല്പിച്ചു കാണുന്നുണ്ടു്. ഇതിനുള്ള കാരണം സംഘക്കളിയെക്കുറിച്ചു സമഗ്രമായ ഒരു സ്വരൂപജ്ഞാനം കാലാന്തരത്തിൽ ഇല്ലാതായിത്തീന്നതായിരിക്കാം. അല്ലാത്തപക്ഷം പ്രാരംഭത്തിലുണ്ടായിരുന്ന അതി

ൻെറസ്വാതന്ത്ര്യംമാറി അംഗാംഗിഭാവത്തിനു ഹാനി തട്ടത്തക്കവണ്ണം അവയവങ്ങൾക്കുണ്ടായിരുന്ന പുഷ്ടി കുടിപ്പോകയും ഇല്ലാതിരുന്ന അവയവങ്ങൾ വന്നു ചേരുകയും ചെയ്തതാണെന്നും വരാം.

"പലരും സംഘമായിച്ചേൎന്നു നടത്തിവരുന്ന കളിയായതുകൊണ്ട് അതിനു സംഘക്കളി എന്ന പേരുകൂടി സിദ്ധിച്ചു"[1] എന്നു ചിലരും, "യോധസംഘത്തിൻെറ കളിയായിട്ടുള്ളതിനാലാണു 'സംഘക്കളി' എന്ന നാമാന്തരം ഉണ്ടായതെന്നും കരുതാവുന്നതാണ്"[2] എന്നു മററു ചിലരും, "പ്രാചീനഭാരതവൎഷത്തിൽ ബുദ്ധസന്ന്യാസികളുടെ ഇടയിൽ 'സംഘം' എന്ന് ഒരേൎപ്പാടുണ്ടായിരുന്നു. അതു കേവലം മതപരമായിട്ടുള്ളതാണ്. മലയാളത്തിൽ ഉയൎന്ന ജാതിക്കാരായ നമ്പൂരിമാരുടെയിടയിലും സംഘമൎയ്യാദ ഏൎപ്പെടുത്തിയിരുന്നു. പണ്ടത്തെ സംഘത്തിൻെറ അൎത്ഥശൂന്ന്യമായ ഒരവശിഷ്ടമായി അതിന്നും നടന്നുവരുന്നുണ്ട്. രാജ്യസംബന്ധമായും സേനാസംബന്ധമായും മതപരമായും സമുദായപരമായും ഉള്ള പലസംഗതികളേയും അതു പ്ര

1. ഭാഷാസാഹിത്യചരിത്രം. ആർ. നാരായണപ്പണിക്കർ ബി. എ. പേജ് 52.

2. കേരളചരിത്രം. എ. കെ. പിഷാരടി പേജ് 54.

ത്ര്യക്ഷത്തിൽ കാണിക്കുന്നതാണ്" [3] എന്നു വേറെ ചിലരും, "സംഘക്കളി അല്ലെങ്കിൽ ശാസ്ത്രക്കളി ബ്രാഹ്മണരും ക്ഷത്രിയരുംകൂടി ഒരു നാടകസംഘം നടത്തിവരുന്ന ഹാസ്യപ്രധാനമായ ഒരു വിനോദമാണ്" [4] എന്നും, "പരശുരാമസേനയെ പ്രതിനിധീകരിച്ചിരുന്നതായി വിശ്വസിച്ചുപോരുന്ന ഒരു നമ്പൂതിരിവർഗ്ഗം നിർവ്വഹിച്ചുവരുന്നതും ആയുധവിദ്യയെ സംബന്ധിച്ചതും ആയ ഒരു വിജാതീയവിനോദമാണു യാത്രക്കളി" [5] എന്നും, "ബ്രാഹ്മണക്ഷത്രിയകുടുംബങ്ങളുടെ സ്ഥിരസംഘങ്ങൾ നടത്തിവരുന്ന ഒരുതരം വിനോദപരമായ രംഗപ്രയോഗമാണ് സംഘക്കളി" [6] എന്നും അപൂർവ്വം ചിലരും പറഞ്ഞുകാണുന്നു.

"ഈ സംഘം യോധസംഘമോ, ബ്രാഹ്മണസംഘമോ, ബ്രഹ്മക്ഷത്രസംഘമോ, ബ്രഹ്മക്ഷത്രകുടുംബസംഘമോ, അതോ വെറും ഒരു കളിയോഗമോ

---

3. The Sangha Orders. By K. Rama Varma Raja, B.A., M.R.A.S.—P. 1.

4. The Cochin Tribes and Castes. By L. K. Ananthakrishna Iyer, B.A., L.T.—P. 163.

5. Castes and Tribes of S. India. By E. Thurston. Vol. V. P. 229.

6. Kshathrias. By K. Rama Varma Raja of Cranganore.

എന്ന സംശയങ്ങൾക്കു പ്രസ്തുത സംഘശബ്ദത്തിന്റെ അൎത്ഥം വ്യവസ്ഥപ്പെടുത്താമെങ്കിൽ ഒരു നില കിട്ടും". 7

സംഘങ്ങൾ പതിനെട്ടും പടുതോളും എന്നാണ് ഇപ്പോൾ ഗണിച്ചുവരുന്നതു്. എന്നാൽ പടുതോളു പതിനെട്ടിൽനിന്നു പിരിച്ചുനിൎത്തിയിരിക്കുന്നതിൽനിന്നുതന്നെ പതിനെട്ടിന്റെ ശേഷമുണ്ടായ ഒരു സന്താനമാണെന്നു സ്പഷ്ടമാണ്. ഇതു കോടശ്ശേരി കൎത്താവിന്റെ വകയായി പിന്നീടുണ്ടായതാണത്രെ. ചാലക്കുടി പടുതോൾ പ്രധാനമായതും അതിനാലായിരിക്കാം. നാടുകൾ പതിനെട്ട്, ചേററിൽ കൊട്ടിലുകൾ—അതായതു് ഒരു ചേരിയിൽ ചേൎന്ന പടനായന്മാൎക്കു പാൎക്കുവാനുള്ള പാളയങ്ങൾ —പതിനെട്ട്, അടവുകൾ—ആയുധപ്രയോഗവിധങ്ങൾ—പതിനെട്ട്, സംഘം പതിനെട്ട്, നാട്ടാചാരം പതിനെട്ട്, ഇങ്ങനെ പതിനെട്ടെന്ന വിഭാഗം കേരളത്തിന്റെ പ്രാചീനരാജ്യഭരണതന്ത്രത്തിൽ പ്രധാനമായ ഒരംശമായിക്കാണുന്നുണ്ട്. ഈ പതിനെട്ടും കേരളബ്രാഹ്മണരുടെ ഗ്രാമങ്ങൾ അറുപത്തിനാലും തമ്മിൽ ചാൎച്ചയോ വേഴ്ചയോ—ഗണ

7. Cochin Tribes and Castes. By L. K. Anantha-krishna Iyer.—P. 163.

പ്പൊരുത്തമോ, ഗുണപ്പൊരുത്തമോ എന്നു പറയട്ടെ —ഇല്ലെന്നും അതോടുകൂടി പ്രത്യേകം ഓക്കേണ്ടതാകുന്നു. അതിനും പുറമേ പതിനെട്ടു നാട്ടിൽകൂടി നൂററെട്ടു കളരികളും ആറു സമ്പ്രദായികളും ഉണ്ടായിരുന്നുവെന്നും കാണുന്നു. സമ്പ്രദായികൾ എന്നാൽ വിഭിന്നങ്ങളായ ആയുധവിദ്യാസമ്പ്രദായങ്ങൾ ഏപ്പെടുത്തിയ ഗുരുക്കന്മാരുടെ പരമ്പരകൾ എന്നത്ഥമാകുന്നു. ഓരോ ഗുരുപരമ്പരയിൽ പെട്ടവക്കും ഓരോ നാട്ടിൽ ഓരോ കളരിവീതം ആകെ ആറു സമ്പ്രദായികൾക്കുംകൂടി പതിനെട്ടു നാടുകളിലായി നൂററെട്ടു കളരികൾ ഉണ്ടായി. മേൽവിവരിച്ച സംഗതികളിൽനിന്ന് ഓരോ നാട്ടിലും ഉണ്ടായിരുന്ന ഓരോ പടക്കൊട്ടിലിൽ ഒരു ചേരിയിൽ ചേന്നു കൂട്ടമായി താമസിച്ചിരുന്നവരും ഭിന്നസമ്പ്രദായങ്ങളിൽ പെട്ടവരും ആയ ഭടന്മാരുടെ യോഗത്തിനെ സംഘമെന്ന ശബ്ദംകൊണ്ടു വ്യവഹരിച്ചിരുന്നുവെന്ന് ഊഹിക്കുവാൻ വഴിയുണ്ട്. വിശേഷിച്ച് പെരുമാൾ വാഴ്ചക്കാലത്തു "കോവിലകത്തും വാതുക്കൽ" എന്നു ഉപയോഗിച്ചിരുന്ന സ്ഥാനത്തു "കൂട്ടംവാതുക്കൽ" എന്നായിരുന്നു നാട്ടാർ മലനാടു വാണിരുന്ന കാലത്ത് ഉപയോഗിച്ചിരുന്നത്. "അതുകൊണ്ടും പോരാഞ്ഞിട്ടു കൊമ്പിലും കുളമ്പിലും പൊന്നും വെള്ളിയും കെട്ടിച്ച പൊൻകിരാലിപ്പശുവിനെ കൂട്ടം

വാതുക്കൽ അടച്ചുകൊടുപ്പാനും കുററമില്ല" എന്നു സമ്പ്രദായികളിൽ ഒരാളായിരുന്ന വല്ലഭട്ടാഗ്ഗരുടെ വീരവാദനീട്ടിൽ കാണുന്ന "കൂട്ടംവാതിൽ" യോധസംഘസമക്ഷം ആകുവാനേ വഴി കാണുന്നുള്ളു. അതുകൊണ്ടു സംഘമെന്നാൽ ആദിയിൽ ഭടജനസംഘംതന്നെയായിരുന്നിരിക്കണം. ഈ സംഘശബ്ദത്തിന് അത്ഥവ്യാപ്തി കൂടിയതു് ബ്രാഹ്മണാധിപത്യം കേരളത്തിൽ പരന്നതോടുകൂടി സംഘത്തിൻെറ ഘടനയും മൎയ്യാദകളും നടപടികളും മാറിയതുകൊണ്ടായിരിക്കാം.

"ഈ ഏപ്പാടു് (സംഘക്കളി) അതിൻെറ ആദികാലത്തുണ്ടായിരുന്ന രസാവഹങ്ങളായ പല സംഗതികളേയും നമുക്കു കാണിച്ചുതരുന്നുണ്ടെന്നും പാശ്ചാത്ത്യദേശങ്ങളിൽ പണ്ടുണ്ടായിരുന്ന വീരസംഘങ്ങൾപോലെ ഈ സംഘം ഒരു യോധസംഘമായിരുന്നുവെന്നു തോന്നുമെന്നും"[8] സംഘങ്ങൾ എന്ന ലേഖനത്തിൽ കെ. രാമവൎമ്മരാജാ പറഞ്ഞിരിക്കുന്നതു മേൽപറഞ്ഞ അഭിപ്രായത്തോടു യോജിക്കുന്നുമുണ്ടു്.

സംഘക്കളിക്കുപയോഗിച്ചുപോരുന്ന മററുള്ള പേരുകൾ സംഘത്തിൻെറ ചരിത്രം, ആഗമം, നട

8. Sangha Orders. By K. Rama Varma Raja.

പടി, സ്വരൂപം, കളിയുടെ ചടങ്ങു മുതലായ വിശേഷങ്ങളെ മാത്രം ദ്യോതിപ്പിക്കുന്നവയാണ്; അല്ലാതെ സാമാന്യവാചികളല്ല.

'യാത്രക്കളി' എന്ന പേർ ആഗമസൂചകമാണെന്നു വിശ്വസിച്ചുപോരുന്നു. "ഭട്ടാചാര്യൻ, ഭട്ടബാണൻ ഭട്ടവിജയൻ, ഭട്ടമയൂഖൻ, ഭട്ടഗോപാലൻ, ഭട്ടനാരായണൻ എന്നീ മീമാംസകന്മാർ ബൌദ്ധരെ തോല്പിക്കുവാനായി പെരുമാളുടെ അടുക്കലേക്കു പുറപ്പെട്ട ഘോഷയാത്ര ആസ്പദമാക്കി നടത്തിവരുന്ന കളിയായതുകൊണ്ടു വന്നുചേൎന്ന പേരായിരിക്കാം ഇതു" [9] എന്നൊരു പക്ഷം. ഈ ഐതിഹ്യത്തിൻെറ അടിസ്ഥാനമെന്തെന്നറിയുന്നില്ല. വലുതായൊരു കാൎയ്യം ഇങ്ങനെ കളിയായിത്തീൎന്നതെങ്ങനെയെന്നും മനസ്സിലാകുന്നില്ല. "സമുദായഭരണാരംഭത്തിലുണ്ടായ ചില വഴക്കുകളുടേയും ആയുധം ധരിച്ച ബ്രാഹ്മണൎക്കുണ്ടായ വിജയത്തിൻേറയും സ്മാരകമായിട്ടാണു യാത്രക്കളി ആദ്യത്തിൽ ഏൎപ്പെടുത്തീട്ടുള്ളതെന്നു സൂചിപ്പിക്കുന്ന പ്രധാനാംശങ്ങൾ ഇക്കാലത്തും അതിൽ കാണുന്നുണ്ട്. ഒന്നാമതായി ആയുധം ധരിച്ച ബ്രാഹ്മണരായ ചാത്തിരനമ്പൂരി

9. ഭാഷാസാഹിത്യചരിത്രം By ആർ. നാരായണപ്പണിക്കർ ബി. എ. പേജ് 52.

മാരാണ് അതിൽ പ്രധാനന്മാരായിരിക്കുന്നത്. അവരുടെ വിജയയാത്രയുടെ സ്മാരകമായി ഏൎപ്പെടുത്തീട്ടുള്ളതാകയാലാണ് 'യാത്രക്കളി' എന്ന പേർ കൊടുത്തിരിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.'' 10 എന്നൊരു പക്ഷാന്തരം. ചരിത്രദൃഷ്ട്യാ ഈ ഊഹത്തിനു സാധുത്വം കല്പിയ്ക്കാവുന്നതാണ്.

കേരളത്തിൽ പണ്ടു മാലോകരും രക്ഷാപുരുഷന്മാരും തളിയാതിരിമാരും സ്വത്രപികളും നാടുവാഴികളും ദേശവാഴികളും തറവാടികളുംകൂടി നടത്തിവന്നിരുന്ന സമുദായഭരണം കാലാന്തരത്തിൽ ദൂഷിച്ചുതുടങ്ങിയതും, മുമ്മൂന്നു കൊല്ലക്കാലത്തേക്കു രക്ഷാപുരുഷന്മാരെ അവരോധിക്കുക എന്ന നിയമം ഭേദപ്പെടുത്തി പന്തീരാണ്ടുകാലത്തേക്കു സൎവ്വാധികാരങ്ങളോടുംകൂടി ഒരാളെ നിയമിക്കുവാൻ നാട്ടുകൂട്ടം കൂടി നിശ്ചയിച്ചതും, രക്ഷാപുരുഷൻെറ അവരോധത്തിനായി കീഴ്നടപ്പനുസരിച്ചു തൃക്കാരിയൂർ ക്ഷേത്രസന്നിധിയിൽ ചെയ്ത ഏൎപ്പാടുകൾ വിഫലമായി പൎയ്യവസാനിച്ചതും വിരോധകക്ഷികൾ ''ബാണവൎമ്മൻ ഉദയൻ ചേരതാനൻ'' എന്നു പ്രസിദ്ധനായ കൊങ്ങുരാജാവിനെ തുണക്കൂട്ടിയതും, ഒടുവിൽ അദ്ദേഹം കേരളസൎവ്വാധിപത്യം കൈക്കലാക്കി പെരു

10. കേരളചരിത്രം By ആററൂർ കൃഷ്ണപ്പിഷാരടി.

മാൎവാഴ്ചക്കു കാലിട്ടതും ചരിത്രപ്രസിദ്ധമായ ഒരു സംഗതിയാണല്ലോ.

ഉദയൻ ചേരതാനന്റെ സമാനകാലികനും അദ്ദേഹത്തിന്റെ ആശ്രിതനുമായിരുന്ന "മുരിഞ്ഞയൂർ മുടിനാഗരാജൻ" എന്ന കവിയുടെ ആ രാജാവിനെക്കുറിച്ചു വൎണ്ണിച്ചിട്ടുള്ള

"നിൻകടർപ്പിറന്ത ഞായറുപെയത്തു നിൻ
വെണ്ടലൈപ്പുണരിക്കുട കടർകുളിക്കു......"

എന്നു തുടങ്ങിയ പുറനാനൂർപാട്ടിലെ,

"നിന്നുടെ കടൽതന്നിൽ പിറന്നോരക്കൻ വീണ്ടും
നിൻമുടിക്കീഴം പ്പശ്ചിമാബ്ധിയിൽ കുളിപ്പോരി"

എന്നു തുടങ്ങി

"..................................വിട്ടൊഴിയു-
മളവങ്ങവൎക്കു സംഭാരം നൽകിയോനെ" 11

എന്നവസാനിക്കുന്ന തൎജ്ജമയിൽ കാണുന്ന അഞ്ചുപേർ ഉദയപക്ഷത്തിൽപെട്ട മന്ത്രിയും നാലു തളിയാതിരിമാരും നൂറുപേർ എതിരാളികളും ആണെന്നു ആററൂർ കൃഷ്ണപ്പിഷാരടി അദ്ദേഹത്തിന്റെ കേരളചരിത്രത്തിൽ യുക്തിയുക്തം സമൎത്ഥിച്ചും കാണുന്നു.

"തൃക്കാരിയൂർ ക്ഷേത്രസംബന്ധമായ ഒരു ഐതിഹ്യംകൊണ്ടു ദ്യോതിപ്പിക്കുന്നതു സംഘക്കളി അല്ലെങ്കിൽ ശാസ്ത്രക്കളി പാൎവ്വതീപരമേശ്വരന്മാരുടെ

11. കേരളചരിത്രം. By ആററൂർ കൃഷ്ണപ്പിഷാരടി. P. ൧൫

പ്രീതിക്കായി നടത്തിവരുന്ന ഒന്നായിട്ടാണ്. പുരാതനകാലത്തു കേരളം ബ്രാഹ്മണരാൽ ഭരിക്കപ്പെട്ടിരുന്നുവെന്ന സംഗതി സുവിദിതമാണല്ലോ. അവക്ക് ഒരു രാജാവു് ആവശ്യമായി വന്നപ്പോൾ അയൽരാജ്യമായ ചേരഭൂമിയിൽ ചെന്നു് ഒരു ഭരണകർത്താവിനെ കൂട്ടിക്കൊണ്ടു വരുവാൻ 'അട്ടക്കാട്ടു നമ്പൂരി'യെ പറഞ്ഞയച്ചു. അക്കാലത്തു കോയമ്പത്തൂരും മലയാളവും തമ്മിൽ ബന്ധിക്കുന്നതായി 'നേരുമംഗലം' എന്ന ഒരു ചുരം മാത്രമേ ഉണ്ടായിരുന്നുള്ളു. നമ്പൂരി ചേരരാജാവിനോടുകൂടി മടങ്ങിവരുമ്പോൾ അടുത്തുള്ള കുന്നുകളിൽ അസംഗതിയായി ഒരു തേജസ്സു കണ്ടു. ചെങ്ങമനാട്ടു ഗ്രാമത്തിലെ രണ്ടു ചെറുപ്പക്കാരായ നമ്പൂരിമാർ അതെന്തെന്നറിവാനായി പുറപ്പെട്ടു. അവർ കണ്ടതു സാക്ഷാൽ ഭഗവതിയെത്തന്നെയായിരുന്നു. ദേവി അവരോടു തൃക്കാരിയൂർ വഴി കൊടുങ്ങല്ലൂക്ക് പോകുവാൻ കല്പിച്ചു. അവർ തൃക്കാരിയൂർ എത്തിയപ്പോൾ 'ചേരപ്പെരുമാൾ' എന്നൊരശരീരവാക്കുണ്ടായി. അതിൻെറ അർത്ഥം തൃക്കാരിയൂർക്ഷേത്രം പരശുരാമപ്രതിഷ്ഠയായതുകൊണ്ടു ക്ഷത്രിയക്ക് കടന്നുകൂടാ എന്നായിരുന്നു. ഈ സ്ഥലത്തുവെച്ചു് ആറാമത്തെ പെരുമാളുടെ കാലത്തു ബുദ്ധമതക്കാരും ബ്രാഹ്മണരും തമ്മിൽ ഒരു മതവാദം നടത്തി, ഏതു മതത്തിനാണു വൈശി

ഷ്ട്യമെന്നു തീരുമാനിക്കണമെന്നു പെരുമാൾ കല്പി ച്ചു. ബ്രാഹ്മണർ ജയത്തിനായി തൃക്കാരിയൂരപ്പനെ ഭജിക്കുവാൻ തുടങ്ങി. അപ്പോൾ ഒരു ജംഗമ ഋഷി അവിടെ വന്നു സാമവേദത്തിൽനിന്നു നാലു പാദ ത്തോടുകൂടിയ ഒരു മന്ത്രം ഉപദേശിച്ചു. എന്നിട്ടു ശ്രീകോവിലകത്തു മാന്ധാതാവിൻെറ കാലംമുതൽ കത്തിവരുന്ന വിളക്കെടുത്തു് അമ്പലക്കുളത്തിൻെറ പടിഞ്ഞാറെക്കടവിൽ കൊണ്ടുപോയി വെച്ചു മന്ത്രം കൊണ്ടു ശിവനെ സേവിക്കുവാൻ ഉപദേശിച്ചു. അ ങ്ങനെ ഒരു മണ്ഡലം സേവിച്ചപ്പോൾ മയൂരഭട്ടൻ ആദിയായ ആറു ബ്രാഹ്മണർ പൂർവ്വഘട്ടത്തിൽനിന്നു് അവിടെ വരികയും അവരുടെ സഹായത്തോടുകൂടി വാദം ആരംഭിക്കുകയും ചെയ്തു. വാദം അവസാനി ക്കാതെയായി. അതു് ഒരുവിധം കലാശിപ്പിക്കുവാൻ വേണ്ടി പെരുമാൾ ഒരു പരീക്ഷ നിശ്ചയിച്ചു. ഒരു കൃഷ്ണസർപ്പത്തെപ്പിടിച്ചു് ഒരു കുടത്തിലിട്ടടച്ചു രണ്ടു കൂട്ടരോടും അതിൻെറ ഉള്ളിലുള്ളതെന്തെന്നു പറയു വാൻ ആജ്ഞാപിച്ചു. ബൌദ്ധന്മാർ ശരിയായിപ്പറ ഞ്ഞു. ബ്രാഹ്മണർ അതു താമരപ്പൂവാണെന്നായി. കുടം തുറന്നുനോക്കിയപ്പോൾ നമ്പൂതിരിമാർ പറ ഞ്ഞതാണു ശരി.'' [12]. അന്നു മുതൽക്കു നാലുപാദം

12. Cochin Castes and Tribes. By L. K. Ananthkrishna Iyer. P. p. 163-165.

അഭീഷ്ടസിദ്ധിക്കു നന്നായിട്ടുള്ള ഒന്നായി കേരളത്തിൽ നടപ്പായി. നമ്പൂതിരിമാർ നാലുപാദംകൊണ്ടു സേവിച്ചിരുന്ന കാലത്തു ദേവന്മാരും ഗന്ധർവ്വന്മാരും നൃത്തഗീതങ്ങളെക്കൊണ്ടു പാർവ്വതിയെ പ്രസാദിപ്പിച്ചിരുന്നുവത്രേ. അപ്പോൾ "ശിവപ്രീതിക്കായി ഈ വിനോദങ്ങളും നടപ്പാകട്ടെ" എന്നൊരു ആകാശവാണിയും ഉണ്ടായി. ഇതാണു സംഘക്കളിയുടെ ആഗമമെന്ന് എൽ.കെ. അനന്തകൃഷ്ണയ്യർ പറയുന്നു.

ബുദ്ധരുടെ സ്ഥാനത്തു മുഹമ്മദീയരായും, ആരാമത്തെ പെരുമാൾക്കു പകരം മക്കത്തേയ്ക്കു പോയ പെരുമാളായും, ഋഷിക്കും ആറു ബ്രാഹ്മണർക്കും പകരം ഒരു യോഗീശ്വരനായും, വേറെയൊരു ഐതിഹ്യം കാണുന്നുണ്ട്. അതോടുകൂടി "ഈ ക്രിയ നടത്തുന്നതിനു കേരളത്തിന്റെ നാനാഭാഗങ്ങളിലായിത്താമസിക്കുന്ന ജനങ്ങളെല്ലാവരും ആവശ്യപ്പെട്ടു തുടങ്ങിയപ്പോൾ ഇതു നടത്തുന്നവരായ ബ്രാഹ്മണർക്ക് എല്ലാ സ്ഥലങ്ങളിലും ചെന്നെത്തുന്ന കാര്യം ദുഷ്കരമായിത്തീരുകയാൽ അവർ ഇന്നിന്ന ദേശങ്ങളിൽ ഇന്നിന്ന ഇല്ലക്കാർകൂടി ഈ ക്രിയ നടത്തേണ്ടതാണെന്നു വ്യവസ്ഥ ചെയ്യുകയും അങ്ങനെ അവർ പതിനെട്ടു സംഘങ്ങളായി പിരിയുകയും ആ ഓരോ സംഘത്തിനും ഭാട്ടം വെണ്മണി പുതുവാ ഇത്യാദികളായ ഓരോ പേരുകൾ നിശ്ചയിക്കുകയും ചെയ്തു.

"പെരുമാക്കന്മാരുടെ വാഴ്ചയ്ക്കുമുൻപു കേരളബ്രാഹ്മണരിൽ ചിലർ രാജ്യരക്ഷാത്ഥം ആയോധനവിദ്യ അഭ്യസിക്കുകയും, ആയുധം ധരിക്കുകയും അവക്കു വേദാഹ്തയില്ലെന്നു ശേഷമുള്ള ബ്രാഹ്മണർ വിധിക്കുകയും ചെയ്തിരുന്നുവല്ലോ. ബ്രാഹ്മണർ ഈശ്വരസേവയ്ക്കായി തൃക്കാരിയൂർ പോയിരുന്ന സമയം മുഹമ്മദീയർ ഉപദ്രവിക്കാൻ ചെന്നാൽ തടുക്കുന്നതിനായി ഈ അഭ്യാസികളും ആയുധപാണികളുമായ ബ്രാഹ്മണരെക്കൂടെ കൊണ്ടുപോയിരുന്നു. അവർ അവിടെ താമസിച്ചിരുന്ന കാലത്തു നേരംപോക്കിനായി ചില പാട്ടുകൾ നിമ്മിച്ചു പാടുകയും കൊട്ടുകയും ചില വേഷങ്ങൾ ധരിച്ചും അല്ലാതേയും ചില ഗോഷ്ഠികൾ കാട്ടുകയും മററും ചെയ്തിരുന്നു. കേരളത്തിൽ നാലുപാദം നടപ്പായതോടുകൂടി ആ ബ്രാഹ്മണർ ആ വക വിനോദങ്ങൾകൂടി കാണിച്ചുതുടങ്ങുകയും അതു ജനങ്ങൾക്കു രസിക്കുകയും ചെയ്കയാൽ അതും നടപ്പായി. നാലു പാദവും ആ വിനോദങ്ങളുംകൂടിയുള്ള കളിക്കാണു് ഇപ്പോൾ സംഘക്കളി എന്നു പറഞ്ഞുവരുന്നതു്. എന്നാൽ ആ വിനോദങ്ങൾ ആദ്യംതന്നെ ഇപ്പോൾ കണ്ടുവരുന്ന സ്ഥിതിയിലല്ലായിരുന്നു. അതു് കാരോ കാലത്തു ഓരോരുത്തർ പരിഷ്കരിച്ചു പരിഷ്കരിച്ചു ക്രമേണ ഈ സ്ഥിതിയിലായിത്തീൎന്നതാണു്. ഈ വിനോദങ്ങളിൽ ചില

തിനു ചില അടിസ്ഥാനങ്ങളുമുണ്ട്. സംഘക്കളി നടത്തുന്നതു് ആയുധമെടുത്തവരായ ബ്രാഹ്മണരാണെന്നുള്ളതിന്റെ ഓമ്മക്കായിട്ടോ എന്തോ സംഘക്കളിയിൽ 'ആയുധമെടുക്കുക' എന്നൊരു ക്രിയക്കൂടി പതിവുണ്ടു്". [13]. എന്നും ചിലതൊക്കെ സങ്കല്പിച്ചു കാണുന്നു. കാലവും സംഭവങ്ങളും തമ്മിൽ പൊരുത്തമില്ലാതേയും ആത്മവിശ്വാസംപോലുമില്ലാതേയും ബ്രാഹ്മണക്ക് മാത്രം പങ്കുകൊള്ളുവാൻ അധികാരമുള്ള 'നാലുപാദ'ത്തിനു പ്രാധാന്യം കല്പിക്കുവാൻവേണ്ടി മററുള്ള ചടങ്ങുകളെല്ലാം അതിനു കീഴ്പ്പെടുത്തിയും കൊടുത്തിട്ടുള്ള ഈ ഐതിഹ്യാഭാസം പക്ഷപാതദൂഷിതവും അവിശ്വാസ്യവും ആണെന്നുതന്നെ പറയണം. ചരിത്രപ്രസിദ്ധനായ കയ്യൂർപോലും ആ പക്ഷപാതവാതാഘതിയാൽ ഭഗ്നനായിപ്പോയി. സമുദായഭരണാന്തദശയിൽ മന്ത്രിസ്ഥാനം വഹിച്ചിരുന്ന ആ ദേശവാഴി, തൃക്കാരിയൂർ ബ്രാഹ്മണർ കൊട്ടും പാട്ടും വിനോദങ്ങളും തുടങ്ങിയപ്പോൾ അവിടെ ചെന്നു വെറുതെ വിരോധിച്ചു കലശൽ കൂട്ടുകയാണു് ഉണ്ടായതത്രേ. എന്നാൽ ഇത്രയൊക്കെ മനോധമ്മപ്രകടനത്തിനു ക്ലേശിച്ചിട്ടും 'പാന' എന്ന ചടങ്ങു "സംഘക്കളി"യിൽ കടന്നുകൂടുവാനുള്ള കാരണം ഉണ്ടാക്കുവാൻ ഈ ഐതി

13. ലക്ഷ്മീഭായി, പു: 23. ല. 5.

ഹ്യകാരനു കഴിഞ്ഞിട്ടില്ല. ആ പ്രകൃതം അവിടെ നില്ക്കട്ടെ.

അനന്തകൃഷ്ണയ്യരുടെ ഐതിഹ്യത്തിൽ പെരുമാളുടെ വരവിൻെറ കഥയും നാലുപാദത്തിൻെറ ആഗമവും തമ്മിൽ ദേശംകൊണ്ടല്ലാതെ കാലം കൊണ്ടും കാര്യംകൊണ്ടും ബന്ധമുള്ളതായി കാണുന്നില്ല. വിശേഷിച്ച് അതു സംഘക്കളിയിലുള്ള ഒന്നോ രണ്ടോ ചടങ്ങുകളുടെ ആഗമമെന്നല്ലാതെ സംഘത്തെ സമഗ്രമായി വ്യാപിക്കുന്ന ഒരു ഐതിഹ്യമെന്നും പറഞ്ഞുകൂടാ.

"ചാത്തിരർ എന്നു പറയുന്നതു് ആയുധാഭ്യാസം ശീലമുള്ളവരും ശാസ്താവിനെ പരദേവതയാക്കി ക്കല്പിച്ചുവരുന്നവരും ആയ ഒരു വർഗ്ഗം കേരളബ്രാഹ്മണരെപ്പററിയാണ്. അതിനെ സംസ്കൃതപ്പെടുത്തിയപ്പോൾ 'ശാസ്ത്രനമ്പൂരിമാർ' എന്നായി. അവരുടെ കളി ശാസ്ത്രക്കളിയുമായി" [14]. എന്ന അഭിപ്രായം സംഗതമാണ്. ചാത്തിരക്കളിയും അങ്ങനെതന്നെ. സത്രം എന്ന പദത്തിനു യാഗാദികർമ്മമെന്നും വേളി മുതലായ അടിയന്തരമെന്നും അർത്ഥമുണ്ടല്ലോ. പ്രധാനങ്ങളായ അടിയന്തിരങ്ങൾക്കൊക്കെ സാധാരണ നടത്താറുള്ള കളിയായതുകൊണ്ടാ

---

14. ആററൂർ കൃഷ്ണപിഷാരടി.

യിരിക്കാം 'സത്രക്കളി' എന്ന പേരുണ്ടായത്. സംഘക്കളിയുടെ പൎയ്യായമായി 'സത്രമുണ്ടോ'? എന്നു ചോദിച്ചുകേൾക്കാറുണ്ട്. എന്നാൽ ചിലേടത്തു നാലുപാദം മാത്രമേ ഉള്ളുവെങ്കിലും 'സത്രമുണ്ട്' എന്നും പറഞ്ഞുകേൾക്കാം. ഈവക ചുരുക്കങ്ങൾ ലാഘവാൎത്ഥമാണെന്നും വരാം.

ശാസ്ത്രാംഗമെന്നും ക്ഷാത്രാംഗമെന്നും പറയുന്നതു ശസ്ത്രസംബന്ധവും ക്ഷത്രസംബന്ധവും ആയ ധൎമ്മം എന്നൎത്ഥത്തിലായിരിക്കാം. ശാസ്ത്രാങ്കം എന്നാൽ ആയുധപ്പടതന്നെ. "പാനങ്കളി", പാനയും കളിയും എന്നതിൻെറ അപഭ്രംശമായിരിക്കണം.

ഈ കൂട്ടത്തിൽ ഒരു സംശയവുംകൂടിയുണ്ട്. കേരളത്തിലുള്ള എല്ലാ കളികൾക്കും, വേദജ്ഞന്മാരുടെ സമക്ഷത്തു പ്രയോഗംപോലെ, 'അരങ്ങുകയറുക' സാധാരണമാണ്. അതുകൊണ്ടു ശാസ്ത്രാംഗവും ക്ഷാത്രാംഗവും ശാസ്ത്രക്ഷാത്രരംഗങ്ങളായിരിക്കുമോ എന്നുകൂടി വിചാരിക്കേണ്ടിയിരിക്കുന്നു. വിശേഷിച്ചു "രംഗാഭ്യാസം" എന്ന ഗ്രന്ഥത്തിൽ അരങ്ങത്തു കാണിക്കുവാനുള്ള അഭ്യാസക്രമത്തെ പ്രത്യേകിച്ചു കാണിക്കുകയും 'ആയുധാഭ്യാസം' എന്ന ഗ്രന്ഥത്തിൽ അങ്കംവെട്ടിനുള്ള ക്രമങ്ങളെ മറെറാരുവിധത്തിൽ വിവരിക്കുകയും ചെയ്തിരിക്കുന്നു.

അതെങ്ങനെയെങ്കിലുമിരിക്കട്ടെ. മേൽ പറഞ്ഞ പേരുകളിൽ ഒന്നൊഴികെ മററെല്ലാററിലും ആയുധവിദ്യയെയാണു സാമാന്യേന തൊട്ടുകാണുന്നത്. നാമാത്ഥംകൊണ്ടാകട്ടെ, ചരിത്രംകൊണ്ടാവട്ടെ, ആഗമങ്ങളിൽ കൊള്ളാവുന്നവകൊണ്ടാകട്ടെ, എന്തുകൊണ്ടു നോക്കിയാലും സംഘക്കളിയുടെ പ്രാരംഭദശ യോധപരമാണെന്നു സ്പഷ്ടമാണ്. കേരളത്തിലെ അറുപത്തിനാലു (നൄ) ഗ്രാമങ്ങളിൽ ഒരു ഗ്രാമം "ഏഴാം മട്ടുകളി" എന്നൊരു കളി ഏപ്പെടുത്തിയതായി മദിരാശി കാഴ്ചബങ്കളാവിലെ സൂപ്രണ്ടായിരുന്ന Edgar Thurston അദ്ദേഹത്തിൻെറ "ദക്ഷിണ ഇന്ത്യയിലെ ജാതികളും വഗ്ഗങ്ങളും" എന്നപുസ്തകത്തിൽ പറഞ്ഞുകാണുന്നുണ്ട്. അതു യാത്രക്കളിസമ്പ്രദായത്തിൻെറ ഒരു ചുരുക്കമാണത്രേ. എന്നാൽ അതിൽ മതപരമായ ഒരു ചടങ്ങും ഇല്ല; കളിക്കാർ ബ്രാഹ്മണരായിരിക്കണമെന്നില്ല; നാലുപാദമില്ല; വിളക്കിൻെറ ചുററുമിരുന്നു ശിവപരങ്ങളായ പാട്ടുകൾ പാടി കളി തുടങ്ങും. അതിൽ പ്രധാനമായിട്ടുള്ള ഭാഗം രണ്ടു കൂട്ടക്കാർ തമ്മിൽ ചോദ്യോത്തരങ്ങളാണ്. രണ്ടാൾ തമ്മിൽ തക്കം തുടങ്ങിയാൽ മദ്ധ്യസ്ഥൻ ഒരാൾ തെററുകൾ ചൂണ്ടിക്കാണിച്ചു വിധി പറയും; വേറെ രണ്ടുപേർ വിധി നടത്തുവാൻ‌ണ്ടാകും. വാദികളിൽ ഒരാളുടെ പേർ കല്ലൂർ

നായർ എന്നാണ്. ഇപ്പോൾ സംഘക്കളിയിൽ കണ്ടുവരുന്നപോലെ ഇട്ടിക്കണ്ടപ്പനും പ്രാക്കളും മുത്തിയും മററും അതിലും ഉണ്ട്. ഇതും കേരളചരിത്രവും തമ്മിൽ വല്ല ബന്ധവും ഉണ്ടോ എന്നും സമുദായരാജ്യഭരണത്തിൻെറ അവസാനദശയിലെ വഴക്കും ഈ സംവാദങ്ങളും തമ്മിൽ വല്ല പൊരുത്തവും ഉണ്ടോ എന്നും ആലോചിക്കേണ്ടതാണ്. ഉണ്ടെങ്കിൽ ബ്രാഹ്മണാധിപത്യത്തിനു മുമ്പു സംഘങ്ങളുണ്ടായിരുന്നുവെന്നും അതു പടനായകന്മാരുടെ സംഘങ്ങളായിരുന്നുവെന്നും, അക്കാലത്തും ആയുധവിദ്യ അരങ്ങത്തു പ്രകടിപ്പിച്ചിരുന്നുവെന്നും അതോടുകൂടി മററു ചില വിനോദങ്ങളും നടത്തിയിരുന്നുവെന്നും ബ്രാഹ്മണരുടെ നാലുപാദാദിചടങ്ങുകൾ പിന്നീടു വന്നുകൂടിയതാണെന്നും തെളിഞ്ഞേക്കാം.

എല്ലാ സംഘങ്ങളുടേയും മൂലമായ കുലദൈവം തൃക്കാരിയൂരപ്പനാണെന്നു കാണുന്നതുകൊണ്ടു സംഘത്തിൻെറ ജന്മഭൂമി തൃക്കാരിയൂർ തന്നെയായിരിക്കണം. "ഏഴാംമട്ടുകളി" തുടങ്ങിയതു് ഏഴാംഗ്രാമത്തിലും, ആ ഗ്രാമം ആദിചേരപ്പെരുമാളെ എതിരേററുകൊണ്ടുവന്ന ചെങ്ങമനാട്ടു നമ്പൂരിമാരുടെ ഗ്രാമവും ആണെങ്കിൽ, സംഘത്തിൻെറ വേഷം പകന്ന സ്ഥലവും കാലവും യഥാക്രമം തൃക്കാരിയൂരി

നും ആദിപെരുമാളുടെ ആഗമനത്തിനും അടുത്തുതന്നെയായിരിക്കണം.

കേരളത്തിൽ സമുദായഭരണം അവസാനിച്ചു പെരുമാൾവാഴ്ച തുടങ്ങിയ കാലം "ദൃഢ്ശ്രാം" എന്ന പരൽപ്പേരിനാൽ സുപ്രസിദ്ധമായിട്ടുള്ളതാണു്. ഈ പരൽപ്പേരുപ്രകാരം കിട്ടുന്ന കാലം കലിവർഷം വൻവ്വവ്വ-ന ശരിയായ പൂർവ്വക്രിസ്താബ്ദം ഫഫന-ം ആകുന്നു. ചിലപ്പതികാരം, പതിററിപ്പത്തു, മണിമേഖല, പുറനാനൂർ മുതലായ പല തമിഴ്ഗ്രന്ഥങ്ങളും ശിലാരേഖകളും പരിശോധിച്ചു ഇമയവർമ്മൻ ചെങ്കുട്ടവപ്പെരുമാൾ പെരുമാക്കന്മാരിൽ പതിമൂന്നാമത്തെ ആളാണെന്നും അദ്ദേഹത്തിൻെറ വാഴ്ച തുടങ്ങിയതു നവനം-ൽ ആണെന്നും അതിൽനിന്നു മുൻവാഴ്ചക്കാരായ പന്തിരണ്ടു പെരുമാക്കന്മാരുടെ വാഴ്ചക്കാലങ്ങൾ കിഴിച്ചാൽ കിട്ടുന്ന കലിവത്സരം "ദൃഢ്ശ്രാം" എന്ന പരൽപ്പേരുകൊണ്ടു കിട്ടുന്ന പൂർവ്വക്രിസ്താബ്ദം ഫഫന തന്നെയാണെന്നും തെളിഞ്ഞിരിക്കുന്നു. അതുകൊണ്ടു ആദ്യത്തെ പെരുമാളായ "ബാണവർമ്മൻ ഉദയൻ ചേരതാനൻ" എന്ന കൊങ്ങുരാജാവിൻെറ മലനാട്ടിലേക്കു കക്ഷിപിടിച്ചുകൊണ്ടുള്ള ആഗമനവും തളിയാതിരിപക്ഷപാതികളുടെ വിജയയാത്രയും ക്രിസ്താബ്ദത്തിനു

മുമ്പു ൧൧൩-ാമത്തു കാലമാണെന്നും ഉത്തമവിശ്വാസംവഴി സംസ്പഷ്ടമാണ്.

മേൽ ചൂണ്ടിക്കാണിച്ച ചരിത്രരേഖകളും ചരിത്രസംഭവങ്ങളും ഐതിഹ്യങ്ങളും സ്ഥലകാലങ്ങളും സംഘങ്ങളുടെ ഘടനാവിധങ്ങളും സംഘച്ചടങ്ങുകളുടെ സമ്പ്രദായങ്ങളും കേരളത്തിലെ സമുദായാചാരമൎയ്യാദകളും എല്ലാംകൂടി യുക്തിയുക്തമായി കാൎയ്യകാരണവിചാരം ചെയ്താൽ കിട്ടുന്ന ഫലം ചുരുക്കത്തിൽ ഇതാണ്.

സംഘങ്ങൾ ആദിയിൽ യോധസംഘങ്ങളായിരുന്നു. ആയവയിലെ അംഗങ്ങൾ പടനായന്മാരും ആയിരുന്നു. ഓരോ നാട്ടിൽ ഓരോ സംഘവും ഓരോ സംഘത്തിൽ നാട്ടുതോറുമുള്ള ആറു കളരികളിൽ ആറു സമ്പ്രദായത്തിലുമുള്ള പതിനെട്ടടവുകളും പഠിച്ച യോദ്ധാക്കളും ഉണ്ടായിരുന്നു. ഒരു ചേരിയിൽ പെട്ടവരെല്ലാം ഒരു പടക്കൊട്ടിലിൽ ആണു പാൎത്തിരുന്നതു്. അവർ ഓരോ അടിയന്തിരങ്ങൾ പ്രമാണിച്ചു സമക്ഷത്തു് ആയുധവിദ്യകൾ കാണിച്ചിരുന്നു. അതോടുകൂടി പാന മുതലായ മതാചാരമൎയ്യാദകളും സമുദായവിനോദങ്ങളും നടത്തിയിരുന്നു. അടിയന്തിരസ്ഥലങ്ങളിൽ വേണ്ടുന്ന ലൌകികകാൎയ്യങ്ങളും സമുദായാചാരമൎയ്യാദകളും നിൎവ്വഹിച്ചിരുന്നിരിക്കാം. സമുദായഭരണത്തിനു കലക്കം

തട്ടിയതോടുകൂടി സംഘമര്യാദകളും കലങ്ങിയിരിക്കണം. ആയുധഭിക്ഷ വാങ്ങി ക്ഷത്രധർമ്മം സ്വീകരിച്ച് അഭ്യാസികളായിത്തീൎന്ന ചാത്തിരനമ്പൂരിമാരും അവരുടെ പുരോഹിതന്മാരും സംഘങ്ങളിൽ കടന്നുകൂടി. സംഘമര്യാദകളും മാറി, യോധസംഘങ്ങളുടെ ആകൃതിയും പ്രകൃതിയും മാറി. ചടങ്ങുകളും കൂടി. പതിനെട്ടു യോധസംഘങ്ങൾ ഭാട്ടം, പ്രാഭാകരം, വ്യാകരണം എന്നു മൂന്നു ശാസ്ത്രക്കൂറുകളിലായി ആറാറു വീതം മൂന്നാക്കി വിഭജിച്ചു. "നെന്മനി താമരചൊവ്വരം ആററി ചുണ്ട നാട്ടി" ഇതാറും ഭാട്ടക്കൂറിലും, "പാല പാക്ക കിഴി വെള്ള തിട്ട ചാഴി" ഇതാറും പ്രാഭാകരത്തിലും ബാക്കി വ്യാകരണക്കൂറിലും ചേൎത്തു. ആറു സമ്പ്രദായങ്ങളിലുമുള്ള ഗുരുക്കന്മാരെ പുറം തള്ളാതിരിക്കുവാനായിരിക്കാം ഇങ്ങനെ ആറെന്ന സംഖ്യ കല്പിച്ചതു്. അല്ലെങ്കിൽ യജനം, അദ്ധ്യയനം, അദ്ധ്യാപനം, ഭിക്ഷ, ദാനം, പ്രതിഗ്രഹം എന്നിങ്ങനെ ആറു് ആചാര്യസ്ഥാനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണെന്നും വരാം. അതിൽ ക്ഷത്രിയരും കടന്നുകൂടി. ഓരോരോ കാലങ്ങളിൽ ഓരോ സംഭവങ്ങളും ആഗമങ്ങളും പ്രമാണിച്ചു ലൌകികങ്ങളും വൈദികങ്ങളുമായ പല ചടങ്ങുകൾക്കും വിനോദങ്ങൾക്കും സംഘക്കളിയിൽ അവകാശം ലഭിച്ചു. നായന്മാർ അപ്രധാനികളായി.

19674

ബ്രാഹ്മണർ പ്രമാണികളായി. സംഘമൎയ്യാദകൾ ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന നിലയിൽ എത്തി.

അല്ലാതെ ഇതു പണ്ടു ബുദ്ധഭിക്ഷുസംഘംപോലെ ഒരു ബ്രാഹ്മണസംഘമോ, ഒരു ആഗമത്തെ അനുസരിച്ചുള്ള ഈശ്വരസേവായോഗമോ, നാലുപാദത്തോടുകൂടി ജനിച്ചതോ ഒരു ചരിത്രസംഭവത്തിന്റെ സ്മാരകമാത്രമോ, അതോ, അപ്പപ്പോൾ ആവശ്യംപോലെ വിളിച്ചുകൂട്ടുന്ന ഒരു കളിയോഗമോ ആയിരുന്നുവെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല.

പതിനെട്ടു സംഘങ്ങളുടെ പേരുകൾ എളുപ്പത്തിൽ ഓൎമ്മവെക്കുവാനായി "പുല്ലു കണ്ട പുഴിതത്തവേഴപുറ ആററിച്ചുണ്ട നാട്ടി നെന്മിനി താമര ചൊവ്വര് വെള്ളതിട്ട ചാഴി പാലപാക്യകിഴി" എന്നൊരു താണ്ടമുണ്ട്. ഇവിടെ "കിഴി" എന്നതിനു പകരം "വീതി" എന്നാണ് കേരളോൽപ്പത്തി"ഗ്രന്ഥത്തിൽ കാണുന്നതു്. ഇതിനെ വിസ്തരിച്ചാൽ ൧. പുല്ലൂർചാത്തര്. ൨. കൺടാന്മാര്. ൩. പുൽക്കുഴച്ചാത്തര്. ൪. വേഴപ്പറമ്പ്. ൫. പൊറക്കടഞ്ഞന്മാര്. ൬. ആറുപുറത്തു ചാത്തര്. ൭. ചുണ്ട്യാത്തര്. (ചുണ്ടച്ചാത്തര്) ൮. നാട്യമംഗലം. ൯. നെമ്മന്യാര്. ൧൦. താമരശ്ശേര്യാര്. ൧൧. ചൊവ്വരന്മാര്. ൧൨. വെള്ളയാത്തര്. ൧൩. തിട്ടപ്പിള്ളച്ചാത്തര്.

൧൪. ചാഴിയാട്ട്. ൧൫. പാലക്കാട്ടുചാത്തര്. ൧൬. പാക്യാത്തര്. ൧൭. കിഴിന്ന്യാര്. ൧൮. തത്തപ്പിള്ളി ഇങ്ങനെ പതിനെട്ടു സംഘങ്ങളായി വേർപിരിയുന്നു. ഇപ്പോൾ മുഖ്യസംഘാംഗങ്ങൾ പരശുരാമനോടു ശസ്ത്രഭിക്ഷ വാങ്ങി മുതൽമുറയൊഴികെയുള്ള വേദാധികാരം കളഞ്ഞു് അരങ്ങും അടുക്കളയും മാത്രമായി ശേഷിച്ച ചാത്തിരനമ്പൂരിമാരും വേദാധികാരികളായ മററു നമ്പൂരിമാരും ആകുന്നു. ക്ഷത്രിയൎക്കും വലിയ പ്രാമാണ്യമില്ലെങ്കിലും ചില അവകാശാധികാരങ്ങൾ ഉണ്ടു്. ശൂദ്രൎക്ക് സംഘക്കളിയിലെ അവസാനവിനോദച്ചടങ്ങുകളിൽ മാത്രമേ പ്രവേശമുള്ളു.

നമ്പൂരിമാരെ ആഭിജാത്യക്രമം അനുസരിച്ചു—

൧. ഏട്—ഭട്ടവൃത്തി. കൎമ്മകാണ്ഡമായ മീമാംസാശാസ്ത്രവും വേദാംഗങ്ങളും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഉള്ള അധികാരം.

൨. ആട്—അഗ്നിഹോത്രം. യാഗം ചെയ്യുവാനുള്ള അധികാരം.

൩. സന്ന്യാസം—സന്ന്യസിക്കുവാനുള്ള അവകാശം.

൪. ഭിക്ഷ—സന്ന്യാസിമാർ ഭിക്ഷ കഴിക്കുവാനുള്ള അധികാരം.

൫. ശാന്തി—ഇതിൽ താന്ത്രികന്മാരും മാന്ത്രികന്മാരും ഉൾപ്പെടും.

൯. ഓത്തു്—വേദപാഠത്തിനുള്ള അധികാരം.

൧൦. അടുക്കള—എല്ലാ നമ്പൂരിമാക്കും വെച്ചുവിളമ്പുവാനുള്ള അധികാരം.

൧൧. അരങ്ങു്—സംഘത്തിൽ ശാസ്ത്രാംഗനമ്പൂരിമാരോടു ചേൎന്നു കളിക്കുവാനുള്ള അധികാരം.

൧൨. പന്തി—മറ്റുള്ളവരോടുകൂടി പന്തിഭോജനത്തിനുള്ള അധികാരം.

൧൩. കടവു്—മറ്റുള്ള നമ്പൂരിമാരോടുകൂടി ഒരേ കടവിൽ ഇറങ്ങി കുളിക്കുവാനുള്ള അധികാരം.

ഇങ്ങനെ പത്തു വൎഗ്ഗക്കാരായി വിഭജിച്ചിരിക്കുന്നു. ഇതിൽ ആഭിജാത്യം തികഞ്ഞവൎക്കു മേൽപറഞ്ഞതിനെല്ലാം അധികാരമുണ്ടു്. രണ്ടാമത്തെ തരക്കാൎക്കു് ഒമ്പതു കൂട്ടത്തിനു് അധികാരമുണ്ടു്. ഈ ക്രമത്തിനു ചോടുവരെ കണക്കാക്കേണ്ടതാകുന്നു. ഒടുവിലത്തെ കൂട്ടൎക്കു് ഒരേ കടവിൽ കുളിക്കുവാനുള്ള അധികാരം മാത്രമേ ഉള്ളൂ. അടുക്കളയും, അരങ്ങും എന്ന ഏഴും എട്ടും വൎഗ്ഗങ്ങളിൽ പെട്ടവരാണു ചാത്തിരനമ്പൂരിമാർ.

ഓരോ സംഘത്തിലും ൧. വാക്യവൃത്തി. ൨. പരിഷ. ൩. കിഴിപ്പുറം എന്നിങ്ങനെ മൂന്നു സ്ഥാനങ്ങളുണ്ടു്. തെക്കേടത്തു പട്ടേരി, വെള്ളാനി, ജ്ഞാനപ്പിള്ളി, വൃന്തോട്ടം, പൊറക്കുടിഞ്ഞം, പതിന്നാലുദേശത്തുള്ള കിഴക്കേടം, നരിപ്പറ്റ, ചൂരക്കാട്ടുമേ

ക്കാട്ട്, ചുട്ടവാലത്തൂര്, മൂത്തേടം, പൂങ്ങാട്ട്, എള ങ്ങല്ലൂര മുതലായവർ ഓരോ സംഘങ്ങളിലെ വാക്യാ വൃത്തിക്കാരാണ്. ഇവരാണ സംഘനേതാക്കന്മാർ. വാക്യാവൃത്തിക്ക വാദ്ധ്യാവൃത്തി എന്നും ചിലർ പറ ഞ്ഞുവരുന്നുണ്ട്. ഇപ്പോൾ അവകാശം പറവുകയല്ലാ തെ പ്രത്യേകവൃത്തികളൊന്നും നടത്തിക്കാണുന്നില്ല. സ്വതേ വാക്യാവൃത്തി ഭരണാധികാരവും 'പരിഷ' സേനാനായകത്വവും, കിഴിപ്പുറം ധനാധികാരവും ആയിരുന്നിരിക്കണം. പുല്ലൂററാന്മാർ സംഘത്തിൽ എടമനനമ്പൂരി വാക്യാവൃത്തിയും തെക്കേടത്തു പ ട്ടേരി പരിഷയും എടമന കിഴിപ്പുറവും ആയിട്ടാണ് ഇപ്പോൾ കാണുന്നതു്. എന്നാൽ ഇക്കാര്യത്തിൽ ഇ ക്കാലത്ത് ഒരു വ്യവസ്ഥയും കാണുന്നില്ല. ചില സം ഘത്തിൽ ഒന്നിലധികം വാക്യാവൃത്തിയുണ്ട്. കിഴി ന്ന്യാരുസംഘത്തിൽ പൂങ്ങാടിനും എളങ്ങല്ലൂരിനും വാക്യാവൃത്തിയുള്ളതായി കാണുന്നു. ബ്രാഹ്മണർ അ ധികാരികളായപ്പോൾ സംഘങ്ങൾ മിക്കതും മദ്ധ്യ കേരളത്തിൽ അടിഞ്ഞുകൂടി. പുറമെ ഇല്ലങ്ങൾ അ ന്ന്യം നിന്നിട്ടും ദേശം പകന്നിട്ടും നശിച്ചുപോയിട്ടും ഭാഗം പിരിഞ്ഞിട്ടും സംഘങ്ങളുടെ ഘടനാനിയമ വും ദേശവ്യവസ്ഥയും സംഖ്യയും അവ്യവസ്ഥിതവും ദുർഗ്രാഹ്യവും ആയിത്തീന്നു.

സ്വതേ ഒരു ചേരിയിൽ പെട്ടവക്ക് സംഘം

മാറിക്കൂടെന്നാണു നിയമം. അങ്ങനെ മാറുന്നത് ആപൽക്കരവും നികൃഷ്ടവുമായി കരുതിയിരുന്നു. വിശേഷിച്ച് ഓരോരോ കുടുംബങ്ങൾക്ക് ഇന്നിന്ന സംഘങ്ങളേ പാടുള്ളുവെന്നു ക്ലൃപ്തമുണ്ടായിരുന്നു. ആ നിയമം അവഗണിച്ചാലും ആപത്തായിട്ടാണു ഗണിച്ചിരുന്നത്.

കാറളമണ്ണ സമീപമുള്ള എടത്തറ മൂത്തേടത്തിന്റെ മൂലം വേങ്ങാനല്ലൂരായിരുന്നുവത്രെ. അന്ന് ആ ഇല്ലക്കാർക്കു മൂത്തമനയുടെ കീഴിലുള്ള "പുല്ലൂററാന്മാർ" എന്നു പറഞ്ഞുവരുന്ന 'പുല്ലൂർചാത്തരു'സംഘമായിരുന്നു അവകാശപ്പെട്ടത്. മൂത്തേടം കാറളമണ്ണക്കു മാറിയപ്പോൾ നരിപ്പററക്കു വാക്യാവൃത്തിയുള്ള 'താമരശ്ശേര്യ'രായി സത്രം നടത്തുവാൻ. മൂത്തേടത്തിന്റെ ഇല്ലത്തു സന്താനമില്ലാതെ വിചാരിച്ചു നോക്കിയപ്പോൾ (പ്രശ്നംവെച്ചു നോക്കിയപ്പോൾ) പുല്ലൂററാന്മാർക്കു "നാലുപാദവും വെച്ചുനമസ്കാരവും" നേരണമെന്നു കണ്ടു. മുറക്കുള്ള സത്രം ഉണ്ടായില്ലെങ്കിലും നാലുപാദവുംവെച്ചുനമസ്കാരവും ഉണ്ടായി. ഉണ്ണിയുമുണ്ടായി. ഇതൊരു ഐതിഹ്യമല്ല. അടുത്തകാലത്തു നടന്ന ഒരു സംഭവമാണ്. ഇതിൽനിന്നു സംഘങ്ങളുടെ ദശാപരിണാമം ഊഹിക്കാവുന്നതാണല്ലോ. കേരളചരിത്രം ഇങ്ങനെ 'വിചാരി

ച്ചുനോക്കിയാൽ' അറിയാമായിരുന്നുവെങ്കിൽ എത്ര നന്നായേനേ!

ഓരോ സംഘത്തിനും ഓരോ കാലത്തു കൊല്ലംതോറും 'സേവ' നടത്തുക എന്നൊരു സമ്പ്രദായമുണ്ട്. പുല്ലൂററാന്മാർക്കു വെള്ളാററഞ്ഞൂരു് ശ്രീരാമക്ഷേത്രത്തിൽ തുലാം ൧-ാംനു- മുതൽ ൧൨-ാംനു-വരെയും അയ്യന്തോൾ കാത്ത്യായനിക്ഷേത്രത്തിൽ ൧൭, ൧൮, ൧൯-ാംനു-കളിലും ൧൬-ാംനു- മുതൽ ൧൨ ദിവസം കുന്നങ്കുളങ്ങരെ സമീപം "പഴന്നാനെ"യുമാണ് സേവ പതിവു്.

എല്ലാ സംഘത്തിനും ഒരു പരദേവതയും ശൈവമായ ഒരു പരദൈവവും സാമാന്യമായിട്ടുണ്ട്. പുല്ലൂററാന്മാർക്കു പഴയന്നൂർ ഭഗവതിയും പഴന്നാനെ വേട്ടേക്കരനും ആകുന്നു. കിഴിന്ന്യാർക്കു വേട്ടേക്കരൻ മാത്രമേ ഉള്ളു. കൺടാന്മാർക്കു പഴയന്നൂർ ഭഗവതിയും തിരുവളക്കാവു ശാസ്താവും; പുൽക്കുഴിച്ചാത്തക്കു വെട്ടത്തുനാട്ടു സമീപമുള്ള 'വാതിൽ കാപ്പവൻ'; പൊറക്കുടിഞ്ഞത്തിനു വാഴാലിക്കാവു ഭഗവതിയും പഴവിൽ അയ്യപ്പനും; നെമ്മന്ന്യാർക്കു ഭ്രാന്തമഹാകാളനും തിരുവളയനാട്ടു ഭഗവതിയും; ചൊവ്വരന്മാർക്കു കൊടുങ്ങല്ലൂർ ഭഗവതി; പാലക്കാട്ടുചാത്തക്കു തിച്ചൂരു അയ്യപ്പനും വിരട്ടാണത്തു (വരോർ സമീപം) ശ്രീവീയ്യസ്ഥാനത്തു ഭഗവതിയും; കിഴിന്ന്യാർക്കു

വന്നേരി വടക്കേ അററത്തുള്ള പെരിമുടിശ്ശേരി, തൃക്കലെങ്ങോട്ട, പാലിശ്ശേരിക്കോട്ട(പൊഴായെ)ഈ വേട്ടേക്കരന്മാർ. ഇവക്ക വേട്ടേക്കരൻ മാത്രമേ ഉള്ളൂ. ഭഗവതിപ്പാട്ടുകൾ ഒന്നുമില്ല. ഈ മട്ടിലാണ സംഘപരദേവതകളേയും പരദൈവങ്ങളേയും കുറിട്ടിരിക്കുന്നതു്. എല്ലാ സംഘക്കാക്കും സാമാന്യമായി ഒരു കുലദൈവമുണ്ട്; അതാകുന്നു തൃക്കാരിയൂർ ശിവൻ.

മേൽപറഞ്ഞ പരദേവതാവിഭാഗത്തിൽനിന്നു സംഘങ്ങൾ ബ്രാഹ്മണാധീനത്തിൽ പെട്ട ശേഷം അവയെല്ലാം മദ്ധ്യകേരളത്തിൽ വന്നു ചേൎന്നുവെന്നു പ്രത്യക്ഷമാകുന്നുണ്ട്. എന്നല്ല പെരുമ്പടപ്പുസ്വരൂപത്തിനു് ഒരു ദിവസംതന്നെ പത്തു സംഘവും, നെടിയിരിപ്പിലേക്കു് ഓരോ ദിവസം ഓരോ സംഘംവീതം നാലു സംഘവും, വെള്ളാരെ സ്വരൂപത്തിലേക്കും തൃപ്പാപ്പൂർ സ്വരൂപത്തിലേക്കും ഓരോ സംഘവും നിശ്ചയിച്ചിട്ടുള്ളതു സംഘങ്ങളെല്ലാം പെരുമ്പടപ്പുരാജ്യത്തായതുകൊണ്ടും സാമൂതിരിയുടെ പ്രതാപശക്തികൊണ്ടും മററു സ്വരൂപികൾ അകന്നുപോയതുകൊണ്ടും ആയിരിക്കാമെന്നും ഊഹിക്കുവാനുള്ള ഒരു വഴിയും ആയി. തൃപ്പൂണിത്തുറെ അടിയന്തിരങ്ങൾക്കു് ഇന്ന സംഘങ്ങളേ വെക്കു എന്ന നിയമം ഉള്ളതായി അറിയുന്നില്ല. ഒരു ദിവസം ഒരുമിച്ചു പത്തേ പാടുള്ളു എന്നു മാത്രമേ ഉള്ളൂ. കോ

ഴിക്കോട്ടക്ക് ഒന്നാംദിവസം നെമ്മിന്യാരു്, രണ്ടാം ദിവസം ചുണ്ടയാത്തരു്, മൂന്നാംദിവസം നാട്യമംഗലം, നാലാംദിവസം കിഴിന്യാരു് ഇങ്ങനെയാണു് പതിവു്. നെമ്മിന്യാരു നാലായും നാട്യമംഗലം രണ്ടായും പിരിഞ്ഞിട്ടുള്ളതുകൊണ്ടു് ആകെ എണ്ണം എട്ടുണ്ടായിരിക്കും.

ചോറൂണു്, ഉപനയനം, സമാവത്തനം, വേളി, പന്ത്രണ്ടാം മാസം മുതലായ അടിയന്തിരങ്ങൾ സംബന്ധിച്ചാണു് ഈ കളി നടക്കുന്നതു്. ഇതു മററുള്ള കളികളെപ്പോലെ വിനോദത്തിനു മാത്രമായി നടത്തുന്നതല്ല; ഈശ്വരപ്രീതിക്കും ഇഷ്ടസിദ്ധിക്കും ഉതകുന്ന ഒരു പുണ്യകമ്മമായി കരുതിപ്പോരുകയും ചെയ്യുന്നു. സന്താനാത്ഥമായി വഴിപാടെന്നപോലെ ഈ കളി പ്രാത്ഥിക്കാറുണ്ടു്. അതിനു "സ്വസ്തി" പ്രാത്ഥിക്കുക എന്നാണു പറഞ്ഞുവരുന്നതു്. ഇതു മററുള്ള വഴിപാടുകൾപോലെ തന്നെത്താൻ പ്രാത്ഥിക്കുകയല്ലാ, വാക്യാവൃത്തിയേയും പരിഷയേയും വരുത്തി 'നാലുപാദം' നടത്തി, അവർ പറഞ്ഞുതരുന്ന വാചകം ചൊല്ലി നേരുകയാണു വേണ്ടതു്. പ്രാത്ഥനാവാചകത്തിൻെറ അത്ഥം "വിചാരിച്ച കാൎയ്യം സാധിച്ചാൽ കേമമായി സംഘക്കളി കഴിക്കാമെന്നും മധുരക്കറി വേണ്ടുവോളം കഴിപ്പിക്കാ"മെന്നും ആണു്.

യാത്രനമ്പൂരിമാരിൽ, അല്ലെങ്കിൽ ചാത്തിര നമ്പൂരിമാരിൽ അരങ്ങും അടുക്കളയും ഉള്ളവർ എന്നും അരങ്ങുമാത്രമുള്ളവർ എന്നും രണ്ടു തരക്കാരുണ്ടു്. രണ്ടുംകൂടിയുള്ളവക്കാണു് ആഭിജാത്യവും ശ്ലാഘ്യതയും കൂടുക. വേദാൎത്ഥന്മാരായ നമ്പൂരിമാരുടെ ഇല്ലങ്ങളിൽ സദ്യക്കുള്ള ദഹണ്ഡത്തിനു് അരങ്ങു മാത്രമായിട്ടുള്ളവരെ ചേക്കാറില്ല. സദ്യക്കുള്ള ദഹണ്ഡം സംഘക്കാരുടെ അവകാശമാണു്. സംഘം തികഞ്ഞുവന്ന അരങ്ങും അടുക്കളയുമുള്ള യാത്രനമ്പൂരിമാർ വെച്ചാൽ അന്തൎജ്ജനങ്ങൾക്കും ഭക്ഷിക്കാം. പക്ഷെ സംഘം തികയണമെങ്കിൽ, വേദാൎത്ഥന്മാരായ നമ്പൂരിമാരും ഉണ്ടായിരിക്കണം. അവരാണു വാക്യാവൃത്തിയും പരിഷയും കിഴിപ്പുറവും. അധികാരവും പണവും വേദാൎത്ഥന്മാക്കു്; ആഭിജാത്യക്കുറവും അധഃപാതനവും ചാത്തിരന്മാക്കു്; ഈ ഉണക്കപ്പെട്ടത്തിരക്കിൽ നമ്മുടെ പണ്ടത്തെ പടനായന്മാക്കു് സ്ഥാനമെവിടെ, അവകാശമെവിടെ, അധികാരമെവിടെ!

ഇനി സംഘക്കളിയുടെ ചടങ്ങുകളെക്കുറിച്ചുള്ള വിചാരമാണു വേണ്ടിയിരിക്കുന്നതു്. ആയവയുടെ ക്രമീകരണവും വിവരണവും ഉപപാദനവും, തരവും സൗകൎയ്യവും അനുസരിച്ചു നടത്തുവാനേ ഇവിടെ ശ്രമിക്കുന്നുള്ളു. ഓരോ സംഘക്കാക്കും ചടങ്ങുകളിൽ അല്പാല്പം മതഭേദങ്ങളുണ്ടു്. "കൺടാ

ന്മാർ സമ്പ്രദായ"മാണ് ഈ പ്രസംഗപരമ്പരയിൽ അംഗീകരിച്ചിരിക്കുന്നത്.

I. കൊട്ടിച്ചകംപൂകൽ:—

ഇതു സംഘക്കാരുടെ സത്രസ്ഥലത്തേക്കുള്ള പ്രവേശവും "കണമിരിക്കലും" ആകുന്നു. കേരളോല്പത്തിയിൽ 'കണം ഇരിക്കും' പ്രകാരത്തെപ്പററി പറയുന്നിടത്ത് ഇപ്രകാരം ഒരു വിവരണം കാണുന്നു:— "കണമിരിപ്പാൻ പുറപ്പെടുമ്പോൾ തന്റെ തന്റെ കണപ്പുറത്തു കണത്തിന്ന് അധികാരികളായവരെ ഒരേടത്തു യോഗം വരുത്തി തന്റെ യജമാനന്മാരേയും കൂറവുകാരേയും പ്രഭുക്കളേയും അറിയിച്ചു അവരുടെ സമ്മതത്താൽ കണപുറത്തുള്ളവർ ഒക്കെ വേണം." ഇതിൽനിന്നു 'കണം' എന്ന ശബ്ദം 'ഗണം' എന്നതിന്റെ തത്സമമാണെന്നും 'കണം ഇരിക്കുക' എന്നാൽ കാൎയ്യവിചാരത്തിനായി യോഗം കൂടുകയാണെന്നും അതിന്റെ നിൎവ്വിഘ്നപരിസമാപ്തിക്കായുള്ള പ്രാരംഭച്ചടങ്ങു മാത്രമാണ് 'ഗണപതിപൂജ' എന്നും വിചാരിക്കേണ്ടിയിരിക്കുന്നു. 'കണമിരിക്കുക' എന്നാൽ വൈദികകൎമ്മങ്ങളിൽ ഗണപതിക്കു നിവേദിക്കുക എന്ന ക്രിയാവിധിപോലെ ഗണപതിയെ സംബന്ധിച്ച് എന്തോ ഒന്നാണെന്നു മാത്രമേ ഇപ്പോൾ തോന്നുകയുള്ളൂ. പക്ഷെ അതിനുള്ള പാട്ടു

K. RAMA PISHAROTI, M.A.



കളിൽ ഭഗവതിക്കല്ലാതെ ഗണപതിക്കുള്ളതായി യാതൊന്നും കാണുന്നില്ല.

൫. "പൂക്കുല മാല മാന്തെളനീരു മാന്തളിർ ചെമ്പരുത്തി
പൂമലരു കുരുത്തോഴുമോല വമ്പുള്ള ചെമ്പഴുക്ക
..............................................................
മുടിതൊട്ടങ്ങടിയോളം ഉടൽ കണ്ടു തൊഴുന്നേൻ
അഴകോടെ പഴയന്നൂർക്കാവിലമ്മേ തൊഴുന്നേൻ."

എന്നു പതിഞ്ഞ മട്ടിൽ തുടങ്ങി മുറുകിയ നിലയിൽ അവസാനിക്കുന്ന ഒന്നു്.

൬. "ഇഷ്ടമായിക്കാട്ടുന്ന കാതിലിടുന്നവൾ
ഇളകിന തിരുമദം പെരുത്തുപോം വേതാളമേററവൾ
കഷിച്ച ദാരികൻെറ നെഞ്ചു പിളന്നവൾ
കടുനിണംകൊണ്ടങ്ങു പൂണാസ്സാക്കുപ്പവൾ."

ഈ വർണ്ണന ഭദ്രകാളിക്കേ ഇണങ്ങുവെന്നതിനു സംശയമില്ല. ഭദ്രകാളിവട്ടത്തു് മുറ (വേദോച്ചാരണം) പതിവില്ലാത്ത സത്വപ്രധാനികളായ ബ്രാഹ്മണർ ഈ പാട്ടു് എങ്ങനെ പാടുവാൻ ധൈയ്യപ്പെട്ടു. വെന്നു മററുള്ളവർ സംശയിച്ചേക്കാം. അവകാശത്തക്കും വന്നെങ്കിലോ എന്നു വിചാരിച്ചിട്ടായിരിക്കണം, "ഇഷ്ടമായി വാഴുമെൻെറ പഴയന്നൂർക്കാവിലെ," എന്നുകൂടിച്ചേർത്തു ശൂദ്രരുടെ അവകാശം കൈവശപ്പെടുത്തിയതു്.

൩. കിണ്ണക്കിണക്കിണ പറഞ്ഞ ദാരിക
അകലെ മണ്ടാതെ കുരുകെ നില്ലെടാ
.................................
പഴയന്നൂർക്കാവിൽ വാഴുമംബികേ!

൪. പച്ചയോ പുഴുകോ നല്ലകിലോ ചന്ദനമോ
പരിചിൽ കുങ്കുമം നല്ല കളഭം കൊണ്ടിഴുകി
......................................
എന്നയ്യൻ നെട്ടിശ്ശേരിയിൽ മേവും ചേകവനേ!

൫. കണ്ടസുരന്തല തുണ്ടമിട്ടന്നവൾ
ചാമുണ്ഡി എന്നുള്ള നാമം ധരിപ്പവൾ
..............................
പഴയന്നൂർക്കാവിൽ വാഴുമംബികേ!

൬. കുതിലാനസിംഹമിട്ടക്കാളിതന്നിലടി തൊഴുതേൻ
.........................................
കുന്നിടഞ്ഞ കൊങ്ക രണ്ടും സുന്ദരശ്രീകൈലാസമേ!

ശാസ്താവു കാടുകളിലും, അയ്യപ്പൻ മലവാരങ്ങളിലും, ഭദ്രകാളി നായർത്തറകളിലും, ദുർഗ്ഗയും ശിവനും ക്ഷത്രസങ്കേതങ്ങളിലും, വിഷ്ണു ബ്രാഹ്മണസങ്കേതങ്ങളിലും ആയിരുന്നു, പണ്ടു സാമാന്യേനയും പ്രാധാന്യേനയും സന്നിഹിതരായിരുന്നതെന്ന വിശ്വാസം അടിസ്ഥാനമില്ലാത്തതാണെന്നു തോന്നുന്നില്ല. ത്രിഗുണങ്ങളിൽ സത്വം ബ്രാഹ്മണൎക്കും, രജസ്സു ക്ഷത്രിയൎക്കും, തമസ്സു ശൂദ്രൎക്കും, അററക്കരണം ചെയ്തു കൊടുത്ത ഒരു കാലമുണ്ടായിരുന്നു. അന്നത്തെ കഥ

യാണ് നാം ഇപ്പോൾ സംസാരിക്കുന്നതു്. വേട്ടക്കാരും വെട്ടുകാരും ആയ, അതായതു ഹിംസ ക്രോധം മുതലായ ക്രൂരഗുണങ്ങളോടുകൂടിയ, ദേവന്മാരെ നായന്മാരുടെ തലയിൽ കെട്ടിവെച്ചു. അവരുടെ ഭൂമിയിലുള്ള അവകാശവും അധികാരവും സ്വാധീനപ്പെടുത്തിയപ്പോൾ ബ്രാഹ്മണർ അവരുടെ ദേവന്മാരെ വിട്ടുകൊടുക്കേണ്ടതായിരുന്നു. മേൽക്കാണിച്ച ഭദ്രകാളിപ്പാട്ടുകൾ എല്ലാം നായർവർഗ്ഗത്തിനുള്ളതായിരുന്നിരിക്കണം. പാട്ടിൽ പെട്ടാൽ പ്രകാശിക്കയില്ലെന്നു കരുതീട്ടോ എന്തോ അതിൽ വലിയ മാററമൊന്നും ചെയ്തില്ല. ദുർഗ്ഗയുടെ പേരുമാത്രം ചേർത്തു; ഭദ്രകാളിയുടെ രൂപവും കൊടുത്തു. ഇങ്ങനെ വികൃതമാക്കീട്ടും ഒടുവിൽ ദുർഗ്ഗയ്ക്കു "സുന്ദരശ്രീകൈലാസമേ" എന്നൊരു പദമേ ഒത്തുകിട്ടിയുള്ളൂ. ഭദ്രകാളിയുടെ പേരു കളയുവാനൊട്ടു സാധിച്ചതുമില്ല.

ഈവക ചടങ്ങുകളെ സംബന്ധിച്ച ഗദ്യപദ്യമയങ്ങളായ പാട്ടുകളും നീട്ടുകളും കറിശ്ലോകങ്ങളും മററും "പ്രാചീനഗ്രന്ഥമാല"യുടെ ൧൦ന്നു ചിങ്ങം ൧ മുതൽ ൧൧ വരെയുള്ള ലക്കങ്ങളിൽ തുടച്ചയായി പ്രസിദ്ധം ചെയ്തിട്ടുള്ളതൊന്നും ഈ പ്രസംഗത്തിൽ സമഗ്രമായി എടുത്തുചേർത്തിട്ടില്ല. അച്ചിൽ പെട്ടതാണെങ്കിലും ഗ്രന്ഥമാലയിൽ പെടാത്തതു മുഴവനും ചിന്നിച്ചിതറി കിടക്കുന്നതുകൊണ്ടു് എടുത്തു കാണിച്ചിട്ടുമുണ്ടു്.

II. കേളി:—

ഇതിനേ കാച്ചികൊട്ട് അല്ലെങ്കിൽ കാഴ്ച കൊട്ട് എന്നും പറയും. ഇതു സത്രവും കാഴ്ചയും നടക്കുന്ന കാര്യം പരസ്യവും ഘോഷവും ആയി കൊട്ടിയറിയിക്കുകയാണ്. വലിയ പപ്പടം, പഞ്ചസാര, ശക്കരയിട്ട ഉപ്പേരി മുതലായ സകല വിഭവങ്ങളോടുകൂടിയ സദ്യ കഴിഞ്ഞു് ഉച്ചതിരിഞ്ഞാൽ തുടങ്ങുന്ന ചടങ്ങാണ്:—

III. ആക്കൽ:—

ഇതിന് "ചെമ്പു കൊട്ടി ആക്കൽ" എന്നു തെക്കരും "പാത്രം കൊട്ടി ആക്കൽ" എന്നു വടക്കരും പറയും. ആപ്പുവിളി കഴിഞ്ഞു സംഘക്കാരിൽ ഏതാനും പേർ ഒരു ചെമ്പു കമഴ്ത്തിയിട്ടു പാടുകയായി. "ശൃംഖലമാല" വീണ്ടും പാടി.

ചെമ്പൊന്നും പുറവടിവിരലേം കൈതൊഴുന്നേൻ
ചേവടിത്തളിരൊത്ത കൈതപ്പൂ തൊഴുന്നേൻ
..................................................
അടിയിന്നു മുടിയോളമുടൽ കണ്ടു തൊഴുന്നേൻ
അഴ്കോടെ പഴയന്നൂർക്കാവിലമ്മേ തൊഴുന്നേൻ.

ഇതു് ഭദ്രകാളിപ്പാട്ടല്ലെങ്കിലും "ഇഷ്ടമായിക്കാട്ടാനകൾ കാതിലിടുന്നവൾ" എന്നു വീണ്ടും ഭദ്രകാളിസ്തുതി തുടങ്ങുകയും അപ്പോൾ ഒന്നോ രണ്ടോ

പേർ പാട്ടുകൂട്ടത്തിൽനിന്ന് എഴുന്നേററു കുടമ അ ഴിച്ചു വിതറിയിട്ടു ചെരട്ടക്കയിലുമായി സത്രശാല യിൽ അററത്തോടററം വെളിച്ചപ്പാടിനെ അനുക രിച്ചു നടന്ന്, അററത്തെത്തി മെയ്യടക്കത്തിൽ ചേ ട്ടുവെച്ച് ആടിത്തിരിഞ്ഞു പല ചാൽ നടക്കുകയും ചെയ്യും. ഇതും നായർസംഘനടവടിയിലെ ഒരവ ശിഷ്ടംതന്നെ ആയിരിക്കണം. രൌദ്രരൂപിണിയാ യ ഭദ്രകാളിയുടെ കോപം ഭയന്നു ഭദ്രകാളിസ്തുതി തീരെ ഉപേക്ഷിക്കുവാനോ വെളിച്ചപ്പാടിനെ തീരെ തള്ളിക്കളവാനോ ധൈര്യപ്പെട്ടില്ല. എന്നാൽ വെ ളിച്ചപ്പാടിൻെറ ഉടുത്തുകെട്ടലും ശബ്ദകോലാഹലം കുലുക്കുന്ന അരമണിയും ചിലമ്പും കൈക്കൊള്ളു വാൻ ഇഷ്ടപ്പെട്ടതുമില്ല. ചുരികക്കു പകരം ചെരട്ട ക്കൈലുമാക്കി. ഉപായത്തിൽ കാര്യ്യവും കളിയും സാധിക്കുവാൻ കണ്ട എളുപ്പവഴിയായിരിക്കാം ഇതു്.

IV. നാലുപാദം:—

കുളി കഴിഞ്ഞു സന്ധ്യാവന്ദനം കഴിഞ്ഞു പി ന്നത്തെച്ചടങ്ങു നാലുപാദമാണ്. ഇപ്പോൾ സംഘ ച്ചടങ്ങുകളിൽവെച്ച് ഏററവും പ്രധാനവും സകലാ ഭീഷ്ടസിദ്ധിക്കു സമർപ്പിക്കപ്പെട്ടതും ഗൂഢമന്ത്രമായി ഗണിക്കപ്പെട്ടുപോരുന്നതും ആയ ഒരു ചടങ്ങാണി തു്. ഈ മന്ത്രോപദേശത്തെപ്പററിയുള്ള ഐതിഹ്യം മുൻപറഞ്ഞിട്ടുണ്ടല്ലോ.

ഒരു നിലവിളക്കു കൊളുത്തി നടുക്കു വെച്ചു നാലുപേർ അതിൻെറ ചുററും

൧. കണ്ടമിരണ്ടു നടം ചെയ്യുന്നൊൻ ചേവടിയേ
എന്നുമരങ്ങിൽ നിനയ്ക്കു വിണ്ണോർനായകനെ
വഞ്ചന ചെയ്യും യമദൂതകർ വന്തണയും മാലൊഴിവാൻ
കേണികൾ ചൂഴും തിരിസ്സൂാരിയൂർ വാണ മുക്കണ്ണരേ!

എന്നു ചൊല്ലി പ്രദക്ഷിണം വെക്കുകയാണു് ആദ്യത്തെ ക്രിയ. ഇവിടെ ചൊല്ലാറുള്ള നാലുപാദമന്ത്രത്തിൻെറ സ്വരൂപവും പാഠശുദ്ധിയും ഭാഷയും ശബ്ദശുദ്ധിയും അന്വയവും അത്ഥവും ഫലവും ഗവേഷണവിഷയമായിരിക്കട്ടെ.

൨. പോരാനകമ്പിയോ
അവടെ കേയ്യൂവളോ
പൊരുതേ ദാരികൻ തലയും ശൂലമായിതോ
അങ്കപിടിച്ചങ്ങിനെ.

൩. എണ്ണും പെരുകീട്ടായുക്കം വാ
ഈ നിലയെങ്കിലോ മേ നിന്നാളോരീണ.

ഈ പാട്ടുകൾ സ്വരപ്രധാനമായി താളത്തോടുകൂടി ചൊല്ലുന്ന പാട്ടുകളാണു്. പിന്നത്തെ രണ്ടിൻെറയും ഗതി ഒന്നു മുറുകിയ നിലയിലും ആകുന്നു.

൪. തൊത്തളരിത്തളിടെ ഓത്തും വണ്ടേ!
ചൊട്ടതൻ മുലതന്നിൽ നാഡിന്നികേ.

൬. ഇവിടെ തികഞ്ഞിട്ടു കരുകരുട്ടകനലെ
വിരുത്തുകെട്ടി മാരാതട്ടിയെരതട്ളവെ-
ആഴിപെരുങ്കടലിൽ ആട്ടുന്ന പാമ്പണമൽ
ആഴിമാതോട്ടുകൂടിട്ടാനന്ദമായിരുന്നാൽ
നീലത്തിരുമിഴികൊണ്ടീരേഴുലോകം കാപ്പാൻ
വേഷത്തെക്കാണ്മാൻ ഞാൻ വെള്ളാററഞ്ഞൂർ മരുവുമപ്പ.

കട്ടവിൽ വരുന്ന പരദേവതയുടെ പേരു മാത്രം അതതു സംഘത്തിൻേറതായി മാററുമെന്നല്ലാതെ വേറെ മാററമൊന്നും ഒരു സംഘവും ചെയ്യാറില്ല. ഇവിടെ കൊട്ടത്തിരിക്കുന്ന പരദേവത പുല്ലൂററാന്മാരുടേയാണ്. ഈ നാലുപാദപ്പാട്ടുകളുടെ ഗുണദോഷം ആലോചിക്കുവാൻ പുറപ്പെട്ടാൽ 'ഈശ്വരോ രക്ഷതു' എന്നു പറവാനേ ഗതി കാണുന്നുള്ളൂ. 'വണ്ടു' മനസ്സായിരിക്കണം. "മനോവണ്ടേ" എന്നു ധാരാളം പ്രയോഗം കണ്ടിട്ടുണ്ട്.

ചില സംഘങ്ങൾക്കു നാലുപാദഘട്ടത്തിൽ താഴെ വരുന്ന പാട്ടുകൾകൂടി ഉള്ളതായിക്കാണുന്നു.

൭. അന്തിക്കും പാതിരയ്ക്കും അമ്പിനോട്ടുച്ചനേരം
ചിന്തിച്ചതെല്ലാം നിൻ ചരിതമോർത്തു മെല്ലെ
ചന്തത്തിലമരും ശങ്കരപുത്തിരനേ
പെരുമുടിശ്ശേരിവേട്ടക്കൊരു മകൻ തുണക്ക്.

൮. ആട്ടും തോരും അണഞ്ഞൊരു ഹരിനാരായണ എന്നു
അഴിത്തോഴാപേചേർന്നിന്ന വാർത്ത കണ്ടാൽ
കാവിലിരുന്നു മെല്ലെ കാമേരം വാ കാവിലല്ലോ

ഓതും വണ്ടേ, നീ വരുംനേരം നോക്കിനില്ലേൻ
ഞാൻ, വാ, നേരം നോക്കി വാർത്ത കേൾപ്പാൻ.

൩. മാടൊന്നേ കുടയാക്കിപ്പിടിച്ചാമ്പോരിവനേ
മാതാവേ പിരിഞ്ഞാമ്പോയ്വളർന്നാമ്പോരിവനേ
ചാടൊന്നേ ചവിട്ടീട്ടു തകർത്താമ്പോരിവനേ
ചായൽപ്പെണ്ണുരുപമായ് ചമഞ്ഞാമ്പോരിവനേ
ആട്ടന്നോരനന്തന്മേൽ കിടന്നാമ്പോരിവനേ
ആനായത്തികളുടെ തുകൽ വാരിയതിവനേ
കോലൊന്നേ കുഴലൂതിനടന്നാമ്പോരിവനേ
ഗോവിന്ദപുരമെന്നു നിലവെൻെറ മനമേ.

ഇതു സാഹിത്യസുഖം തോന്നുന്ന ഒരു രചനയാണ്. ഇതിൽ "നിലവെൻെറ" എന്നു ചൊല്ലുന്നതു "നിനവെൻെറ" എന്നായിരിക്കുമോ വേണ്ടതെന്നു സംശയിക്കുന്നു.

൪. നെററിമേലൊരു മിഴി വേണം
നേർതിങ്കൾക്കലയണിയേണം
മൂത്തൻകൂററന്മേലിരിക്കേണം
ആനതന്തോലുടുക്കുമാറാകണം
എനിക്കിതമയ്യോം ആലുവായ്മണൽ കുടികൊള്ളും
ആനന്ദമാന്ന പരമേശ
തേന്മലെഴുമോ നദിയോ കനലോ
കള്ളാർമിളിയോ കുയൽ കൂവിനതോ.

ഈ പാട്ടിൽ 'പാരാതെ വരമരുളേണം, പരിചൊട്ടു പരദൈവമേ' എന്നു പാലക്കാട്ടുസംഘ

ത്തിൽ മേക്കാടിനും വേറെ ചില സംഘക്കാൎക്കും ഒരു പാഠഭേദമുണ്ടു്. അവരവരുടെ പാഠമല്ലാതെ അതിൽ ഒരണുവിനുപോലും മാററം ചെയ്യുന്നതു, വേദം പിഴച്ചാലത്തെപോലെയാണു കരുതിവരുന്നതു്. തെററുണ്ടെങ്കിൽ അതു് ഋഷിപ്രോക്തം. അസഹ്യത തോന്നുന്നവർ സഹിച്ചുകൊള്ളണം.

V. അത്താഴസ്സദ്യയും കറിശ്ലോകവും:—

സത്രത്തിനു സദ്യ ഒഴിച്ചുകൂടാത്ത ഒരു ചടങ്ങാണു്. വലിയ പപ്പടം കൊണ്ടാ ചെറിയ പപ്പടം കൊണ്ടാ, പഞ്ചസാരപ്പായസം കൊണ്ടാ, എന്നൊക്കെ വിളിച്ചുപറയുന്നതു് ഒരു ക്രിയാംഗമായി കരുതിവരുന്നു. ചാക്യാരുടെ 'അശനത്തിൽ' പറയുന്ന ഇണ്ടിണ്ടിം പടനായ്ക്കരപ്പന്റെ പന്ത്രണ്ടാംമാസത്തിനും ഈ സത്രസദ്യക്കും തമ്മിൽ വളരെ അടുപ്പമുള്ളതായി തോന്നും.

സദ്യയുടെ ഇടയ്ക്കാണു്,

വിളക്കുമേരം മടവാർ കരത്താൽ
വിളക്കുവെയ്ക്കിൻ പടിവെണ്മ ചേരും
കുളത്തിനെനെവീത്തിയെരിഞ്ഞു കത്തും
വിളക്കിനമ്മാറിത കൈതൊഴുന്നേൻ

.......................................

കായാമ്പൂമേനിനിറമൊത്തൊരു പൈതലെന്നും
കാർകുന്തൽ കെട്ടിയഴകോടൊരു പീലികുത്തി

ചോർ കൊണ്ടൊരുന്ന വഴിയേ മണിയും കിലുക്കി-
ക്കാർവണ്ണർ വന്നു വിളയാടുക പന്തിതോറും

.....................................

ഊട്ടുകൊണ്ടുള്ള പദ്യങ്ങൾ
വാട്ടമില്ലായ്കിലും, മതി
കൂട്ടമൊന്നു കലമ്പീട്ടു
പാട്ടുപാടിത്തുടങ്ങുക.

എന്നിത്യാദി കറിശ്ലോകങ്ങൾ ചൊല്ലുന്നതു്. സദ്യയുടെ അവസാനത്തിൽ നീട്ടു ചൊല്ലുകയായി.

ഹ ഹ ഹ ഹരേ
ചുക്കുചെറുചീരകമരച്ച കറിതേങ്ങ
ചിക്കനെയരച്ചു വടിവോടിഹ നിരത്തി
മുക്കിയൊരു കോരികനിറച്ചിലയിലാക്യാൽ
ചക്കമധുരക്കറി മറക്കരുതെനിക്കു്.

"അപ്പറഞ്ഞ മൊഴിക്കു് ചേരമാൻ മലനാട്ടുനൂററിനാല്പത്താറു കാതം വഴി വട്ടത്തിനകത്തു ചേരമാൻപെരുമാളില്ലാത്ത കാലത്തു ചേരമാൻപെരുമാളായി വാണതു് ഏറാട്ടു പെരുമ്പടപ്പു്; പെരുമ്പടപ്പിൽ ചിത്രകൂടത്തിങ്കൽ പിറന്ന മാടത്തിൻകീഴ രാജധാനിയിൽ വളന്ന രാജകുലവീരൻ, വീരകുലരാജൻ, രാജഗംഭീരൻ, രാജമാത്താണ്ഡൻ, വീരകേരളൻ തിരുമുമ്പാകെ ഉണത്തിക്കേണ്ടും കാൎയ്യം. നമ്മുടെ അമ്മാമൻ വീരഭട്ടാഗ്ഗുരുക്കൾ തെക്കുംവെമ്പലനാട്ടിൽ ചെന്നു വിയപ്പിച്ചു നമ്മോടു പയററിയ

ശിഷ്യൻ നമുക്കു സമ്മാനിച്ചതന്നോരാനയിന്മേലേ റി തൃശ്ശിവപേരൂരിക്ക് ചെന്നു വടക്കുന്നാഥനെയും തൊഴുതു വടക്കേഗോപുരം വടക്കോട്ടു കടന്നപ്പോൾ ആക്കള്ളോരാനയെന്നും ചോദിച്ചാൻ കോഴിക്കോട്ടു ള്ള മണവാളൻ. അതുവക പെരുതെന്നാക്കിവെ ച്ചാൻ നമ്മോടു പയററിയ ശിഷ്യൻ. അതുവക പെ രുതെന്നിരിക്കുന്നതാകിൽ, തൃശ്ശിവപേരൂരപ്പന്നും തി രുമൽപ്പാട്ടിൽസ്വരൂപത്തിന്നും എൺവഴി സാമ ന്തക്കും അയ്യഴികോവിലന്മാക്കും ഒത്തവണ്ണം ഉത്ത രം ചൊല്ലിക്കൊടുപ്പാനും കുററമില്ല. അതുകൊണ്ടു പോരാഞ്ഞിൽ കൊമ്പിലും കുളമ്പിലും പൊന്നും വെള്ളിയും കെട്ടിയൊരു പെൺകിരാലിപ്പശുവി നെ അവരുടെ കൂട്ടംവാതുക്കൽ അടച്ചുകൊടുപ്പാ നും കുററമില്ല. അതുകൊണ്ടും പോരാഞ്ഞിൽ കോല മ്പിള്ളി ഉഗ്രമ്പിള്ളി നനയർക്കാന്തൻ അംശുകന്ന ടികൊമ്പുകുരുക്കൾ കുഞ്ചുനായക്കോത്തവണ്ണം ഉ ത്തരം ചൊല്ലിക്കൊടുപ്പാനും കുററമില്ല. അതുകൊ ണ്ടും പോരാഞ്ഞിൽ നാല്പത്തീരടി നിലത്തിറങ്ങി കെ ട്ടിയകച്ചയോടും തൊപ്പിതൊപ്പാരത്തോടും അര യിൽക്കിണ്ണും വയ്യായും മാറത്തുവജ്രമങ്ങിടായും അത് പരവർ ചെയ്യുന്നതാകിൽ അതുകൊണ്ടും നമുക്കു ചോദ്യമില്ല".

"അങ്കത്തട്ടിട്ടങ്കമാടിക്കരേറി, കടുത്തില ഇട

കടഞ്ഞു, മുന കടഞ്ഞു, മുനയിലാദിത്യഭഗവാനേയും ദശിപ്പിച്ചു, നീട്ടുകിൽ നെഞ്ചു പിളൎപ്പേൻ; അടക്കുകിൽ കളരിക്കു പുറത്തെറിഞ്ഞു മ്മാനമാട്ടുവേൻ. അവൻെറ വലത്തെപ്പിലാവിന്നൊന്നു വെട്ടിക്കണ്ടാൽ വെട്ടിയ ഇരുമുറിയും പാലക്കാട്ടുശ്ശേരി ഇട്ടുണ്ണിരാമത്തരകൻെറ വെള്ളിക്കോൽക്കു തൂക്കിക്കണ്ടാൽ വെട്ടിയ ഇരുമുറിയും കുന്നിമഞ്ചാടിമാകാണിക്ക് നീക്കത്തൂക്കമുണ്ടെന്നു വരികിൽ വെട്ടിയതു വെട്ടല്ല, കുത്തിയതു കുത്തല്ല, മലനാട്ടിൽനിന്നും തുളുനാട്ടിലേയ്ക്കു പോകുന്നോനല്ല, തുളുനാട്ടിൽനിന്നു മലനാട്ടിലേയ്ക്കു ചവുട്ടുന്നോനല്ല. വല്ലഭട്ടാഗ്ഗുരുക്കളെന്നും ചൊല്ലവേണ്ട. ഇപ്പടിക്കു വീരകേരളൻ പുറത്ത്''

എന്ന് അവസാനിക്കുന്നതായ നീട്ടു ക്കൂട്ടംവാതിൽ വഴിയായി വീരകേരളൻ തിരുമുമ്പാകെ സമപ്പിച്ച ഒരു വീരവാദഹരജിയും ഒരു യഥാൎത്ഥചരിത്രസംഭവത്തിൻെറ രേഖയും ആകുന്നു. ഈ വല്ലഭട്ടാഗ്ഗുരുക്കൾ തുളുനാടനും പുല്ലൂററാന്മാരുടെ സമ്പ്രദായഗ്ഗുരുവും ആകുന്നു.

..“ആത്മജനപരിത്രാണവിചിത്രപവിത്രചരിത്രനായി പാൎത്ഥലവൎത്തികളായിരിക്കുന്ന പാൎത്ഥിവന്മാരാൽ കീൎത്തനീയഗ്ഗുണശാലിയായിരിക്കുന്ന കാൎത്തവീൎയ്യൻ തിരുവടി തിരുവുള്ളം പററിൽ; നിശാചരകുലകലശാൎണ്ണവനിശാകരനായിരിക്കുന്ന ദശാന

നൻ കാങ്കം. നീ രാജരാജധാനിയെ പ്രാപിച്ചാജ ഭൂവിങ്കൽ പരാജിതനായിരിക്കുന്ന വൈശ്രവണൻ പക്കൽനിന്നപ്രമേയശോഭമായിരിക്കുന്ന പുഷ്പകവിമാനത്തെ അപഹരിച്ചു എന്നും, നന്ദനീയഗുണശീലനായിരിക്കുന്ന നീ പുരന്ദരപുരത്തെ പ്രാപിച്ചിന്ദിരാരമണാഗ്രജനായിരിക്കുന്ന ഇന്ദ്രനെ സമരധരണിയിങ്കൽ പടുതരചപേടാപാടിതഗാത്രനാക്കിച്ചെയ്തു എന്നും, സംക്രന്ദനഹൃദയാനന്ദമായിരിക്കുന്ന നന്ദനവനത്തിങ്കൽനിന്നു മന്ദേതരപരിമളകുസുമസുന്ദരതരങ്ങളായിരിക്കുന്ന മന്ദാരതരുവൃന്ദങ്ങളെ നീ മന്ദിരത്തെ നയിപ്പിച്ചു എന്നും, കൈലാസോദ്ധരജനിതാനന്ദസാന്ദ്രകരുണ ചന്ദ്രശേഖര സമ്മാനിത ചന്ദ്രഹാസ സന്ദലീകൃതാരിവൃന്ദനായിരിക്കുന്ന നീ മുനീന്ദ്രന്മാരുടെ കർമ്മവിഘാതത്തെ ചെയ്യുന്നു എന്നും, സുന്ദരതരമന്ദഹാസസന്ദലിത സഞ്ചലിതകന്ദർപ്പഹൃദയമാരായിരിക്കുന്ന വൃന്ദാരകസുന്ദരിമാരെ നിജരാജധാനിയെ പ്രാപിപ്പിച്ചു എന്നും മററും പലപല ചപലകർമ്മങ്ങളെക്കൊണ്ടു സകല ലോകപീഡയെ ചെയ്യുന്നു എന്നും, കന്മഷഹീനനായി ബ്രഹ്മപുത്രനായിരിക്കുന്ന നാരദമുനീന്ദ്രൻ നമ്മോട്ട പറഞ്ഞുകേൾക്കകൊണ്ട് ഇന്നയ്യൂടക്കെനിന്നോട്ട യുദ്ധത്തിന്നായിക്കൊണ്ടു കരിതുരഗരഥാദിനാനാപ്രകാര സേനാസമേതനായിക്കൊണ്ട് ജ്യോതിഷ്മതിയായി

രിക്കുന്ന മാഹിഷ്മതിയിങ്കൽനിന്നു ലങ്കാരാജധാനിയെ പ്രാപിച്ചു ശങ്കാവിഹീനമാകുംവണ്ണം നിന്നോടു യുദ്ധംചെയ്തു നിന്നെ യുദ്ധമദ്ധ്യത്തിങ്കൽ ചണ്ഡധരളുജദണ്ഡമണ്ഡിതകോദണ്ഡ ഖണ്ഡഹിണ്ഡിതശരഷണ്ഡഖണ്ഡിതമുണ്ഡമണ്ഡനനാക്കി ചണ്ഡഭാനുസൂനുവായിരിക്കുന്ന ദണ്ഡധരൻെറ പുരത്തെ നയിപ്പിക്കുന്നതുണ്ടെന്നും രക്ഷോനായകനായിരിക്കുന്ന നിൻെറ പക്ഷവാദികളായിട്ടു ക്ഷീണഭുജബലപരാക്രമനായിരിക്കുന്ന അക്ഷകുമാരനുണ്ടെന്നും, ഉദാരകരനിരാകൃതസുരേന്ദ്രനായിരിക്കുന്ന ഇന്ദ്രജിത്തുണ്ടെന്നും, ഊൎജ്ജിതബലനിൎജ്ജിതനിൎജ്ജരവരനായിരിക്കുന്ന വജ്രദംഷ്ട്രനുണ്ടെന്നും, ചിത്രതരനയോപായവിജിതാമിത്രനായിരിക്കുന്ന ചിത്രയോധിയുണ്ടെന്നും, അമൎത്ത്യകുലവിമൎദ്ദസമൎത്ഥനായിരിക്കുന്ന പ്രഹസ്തനുണ്ടെന്നും, അംഭോധിഗംഭീരനായിരിക്കുന്ന കുംഭകൎണ്ണനുണ്ടെന്നും, വിമദകുലഭൂഷണനായിരിക്കുന്ന വിഭീഷണനുണ്ടെന്നും, താമ്രാക്ഷനുണ്ടെന്നും ധൂമ്രാക്ഷനുണ്ടെന്നും, മകരാക്ഷനുണ്ടെന്നും, വിരൂപാക്ഷനുണ്ടെന്നും, അതികായനുണ്ടെന്നും, മഹാപാൎശ്വനുണ്ടെന്നും, കുംഭനുണ്ടെന്നും, നികുംഭനുണ്ടെന്നും, കമ്പനുണ്ടെന്നും, അകമ്പനുണ്ടെന്നും, ദേവാന്തകനുണ്ടെന്നും, നരകാന്തകനുണ്ടെന്നും ഇവയൊക്കേയും നിരൂപിച്ചു കാലക്ഷേപം ചെയ്തുപോകാതെ നമ്മുടെ ചരണാരവിന്ദ

ങ്ങളെ ശരണം പ്രാപിച്ചുകൊള്ളുകയും വേണം. ഇപ്പടിക്ക് ഈ തീട്ടു കയ്യെഴുതിയ ഹേഹയമഹീപാലസചിവപ്രധാനനായി ആഹവചതുരനായി സിംഹായുതബലനായിരിക്കുന്ന സിംഹസേനൻ കയ്യെഴുത്തു്".

ഇതിൽ 'നീട്ടു്' എന്നതിനുപകരം 'തീട്ടു്' എന്നാണു കാണുന്നതു്. നീട്ടിനു തൃക്കൈവിളയാട്ടമെന്നും തീട്ടിനു ബ്രാഹ്മണരുടേയും കൈമ്മന്മാരുടേയും രേഖകളെന്നും ഗുണ്ടർട്ടു പറഞ്ഞിരിക്കുന്നു. ആയവ പര്യായശബ്ദങ്ങളല്ലെങ്കിൽ മാറി പ്രയോഗിച്ചതായിരിക്കാം. മേൽ കാണിച്ച തീട്ടു് ഒരു അനുകരണം മാത്രമാകുന്നു. ചരിത്രസംഭവങ്ങൾ നാട്ടുവിനോദങ്ങളിൽ കടന്നുകൂടി നിലനിന്നുപോരുന്നതിനു് ആദ്യത്തെ നീട്ടു് ഒരു ഉദാഹരണവുമാകുന്നു.

VI. തോണിപ്പാട്ടു് അല്ലെങ്കിൽ വഞ്ചിപ്പാട്ടു്:—

ഇതു സത്രനെടുമ്പുര അടിച്ചുതളിച്ചു ശുദ്ധമാക്കുവാനുള്ള സമയം ശൂന്യമാക്കാതെ അത്താഴസ്സദ്യ ആനാസം ചെലുത്തി അലസന്മാരായിത്തീരുന്ന ലോകരെ കളി തുടങ്ങുന്നതുവരെയെങ്കിലും ഉണത്തിയിരുത്തുവാൻ നിർമ്മിച്ച വിനോദപരമായ ഒരു ഘോഷയാത്ര എന്നേ ഉള്ളൂ.

VII. പാന:—

വഞ്ചിപ്പാട്ടു നെടുമ്പുരയിൽ എത്തിയാൽ വിളക്കു വെച്ചു പാന തുടങ്ങുകയായി. ചാത്തിരനമ്പൂരിമാർ കെട്ടിയുടുത്ത് ഇരുന്നു കേളി കൊട്ടുകയാണു തുടക്കം. പിന്നെ "മുഖജാളം" പാടി താളം കൊട്ടുക. ഇതു് ഏകദേശം കഥകളിയിലെ തോടയവും മേളപ്പദവും എന്നപോലെയാണ്. "മുഖജാളം" ഒരു രാഗത്തിൻെറ പേരായിട്ടാണ് ഇപ്പോഠം കണക്കാക്കിവരുന്നതു്. എന്നാൽ പാട്ടിനു മുഖജമെന്നും യന്ത്രജമെന്നും ഉള്ള വിഭാഗം ശാസ്ത്രസിദ്ധമായതുകൊണ്ടു് ഏതെങ്കിലും രാഗം പാടി മേളം കൊട്ടുക എന്നേ അൎത്ഥം കല്പിക്കേണ്ടതുള്ളു.

ഉ. ഗണപതിഭഗവാനേ നന്മ ഞാനൊന്നിരപ്പേൻ
തുണപെട ശിവപുത്തിരായേ തൂയ പാൽ ചോറ തന്നേൻ
ഫണമുടയരവു തമ്മിൽ പള്ളികൊള്ളുന്ന മായോനേ
ഇണയടി തൊഴുതിരന്നേൻ ഇമ്പമായ് നൽകിനിക്കു്.

ഈ ഗണപതിസ്തുതിയിൽ

അന്തരമെന്യേ പന്തൽതന്നിലങ്ങകമ്പുകഠന്തു
ചിന്തയിൽ 'മൽമൽ'ശാസ്ത്രം പങ്ക്തിയിലുരചെയ്യി
(പ്പാൻ

എന്നാ ഭാഗത്തിൽ 'മൽമൽ'ശാസ്ത്രം എന്തു ശാസ്ത്രമാണെന്നു മനസ്സിലായില്ല. 'മല്ലിനുമൽ' എന്നു പ്രയോഗിച്ചതായിരിക്കുമോ? എന്നാൽ യോധസംഘ

ത്തിൻെറ പ്രാൎത്ഥനയായിരുന്നു ഇതെന്നു ഒരു തെളിവുംകൂടി ആയി.

൨. അവനിയിലുരപൊങ്ങും ദിവ്യമാന്ധാതൃശൈലേ
മരുവിന മമ നാഥേ, ദേവി ശ്രീഭദ്രകാളീ!
തവ പദകമലം ഞാൻ കൈതൊഴുന്നേനിദാനീം
നിറമഴകിയ പാനസ്ഥേക നീ തമ്പുരാട്ടി.

ഇതു് അടുത്തകാലത്തെ കവിതപോലെയിരിക്കുന്നു.

൩. മുടിക്കണിന്ത തിങ്കളുടെ മുഖത്തു കൊമ്പേ മുമ്പിനാലേ
മുത്തുന്ത കാലം മണികളുടെ കിലുങ്ങവലെ മെല്ലെ നൊവ്വ
അലങ്കരിക്ക പന്തൽതന്നിൽ എഴുന്നരുളേണംഗണപതിയേ.

൪. അങ്ങച്ചമൊട്ടു കിരണ്ടകീനാകിയ
ഹന്ത പൂമോതിയ കാവ്ണ്ണരെ ജയ
ആദിയനന്തൻമേലെ തുകിൽകൊണ്ടെന്ന
ആകെ നിറംതന്നിൽ കാവ്ണ്ണരെ ജയ.

..................................

൫. കുററചെഞ്ചിടമുടികര കണ്ട മകൻപിള്ളെ
ഒററക്കൊമ്പഴകിയ ഗണപതിക്കഭയമേ.

..................................

൬. ഹരനുടെ തിരുമകൻ ഒരുപൊഴുതെഴുന്നള്ളി
വരിനെല്ലിൻറവിൽ തിന്നിട്ടരുളുക ജയ ജയ.

..................................

൭. തിങ്കൾ തൊഴുതിന ഗണപതി ജയ ജയ
അമ്പുററമരകൾ നാഥ ജയ ജയ.

..................................

ഇവയാണു പാനപ്പാട്ടുകളുടെ മാതൃകകൾ. ഇതിൽ ഓരോന്നിന്റേയും രചനാരീതിയും ഭാഷയുടെ പഴക്കവും അൎത്ഥവും പരിശോധിക്കുവാൻ പുറപ്പെട്ടാൽ ഭ്രാന്തു പിടിക്കും. ഏട്ടിൽ കണ്ടപടി പകൎത്തുകയേ ഗതി കാണുന്നുള്ളു. ഒരു കാൎയ്യം നിശ്ചയം; പാന ക്ഷുദ്രമതാചാരസമ്പ്രദായത്തിൽപെട്ട ഒരു ഇനമായി ഇന്നും നാം കാണുന്നുണ്ട്. ബ്രാഹ്മണരുടെ സംഘക്കളി ഒരവസരത്തിൽ ഒഴികെ മറെറാരു കൎമ്മങ്ങളിലും അതു നടപ്പുള്ളതായി കാണുന്നതുമില്ല. കേരളാചാരമൎയ്യാദകളിൽ കളിയായാലും മതകാൎയ്യത്തോടു ബന്ധിച്ചേ കാണുകയുള്ളു. അതുകൊണ്ട് ആദിമയോധസംഘക്കളിയിൽ പാനയും ചേൎന്നിരിക്കണം.

VIII. കയ്യുകളുടെ വരവ്:—

ഈ കയ്യുകൾതന്നെയാണു കണ്ടപ്പനും.

അമ്പുന്നേനടിയനതിലേറെ
അരുളുക ഗണപതിഭഗവാനേ ജയ.

എന്ന പാനപ്പാട്ട് അവസാനിച്ചാൽ കണ്ടപ്പന്റെ പുറപ്പാ്ടായി. പുറപ്പാടിന്

ഫ. പരഭൃതമൊഴിമാരെച്ചെന്നു തിക്കിത്തിരക്കി
പരിചതരിയിളക്കി ഖഡ്ഗവും കൈക്കലാക്കി
ധരണിസുരവരാണാം ഗീതവാദ്യങ്ങളെല്ലാം
സരഭസമഭിരുന്ധൻ കയ്യുകളുൽപപാത.

എന്നൊരു ശ്ലോകം ചൊല്ലിവരുന്നുണ്ട്. ഇതു് അസംബന്ധമാണു്. "നിൻെറ നിയ്യോ ഞാൻ" എന്നു പറഞ്ഞുകൊണ്ടു് പെട്ടെന്നു ചാടിവന്നു പാട്ടുകാരുടെ വായ് പൊത്തി കൈ പിടിച്ചുവലിച്ചു് എല്ലാം തടസ്ഥം ചെയ്യുകയാണു് ആദ്യത്തെ ക്രിയ. അതിനു കഥകളിയിലെപ്പോലെ പുറപ്പാടുശ്ലോകവും അവതാരികയും ഒന്നും ആവശ്യമില്ല. ഇതു തിരുത്തി നമ്പൂരി ഉണ്ടാക്കിച്ചേൎത്തിട്ടുള്ളതാണെന്നു അറിഞ്ഞവർ പറഞ്ഞുകേട്ടിട്ടുള്ള ലക്ഷ്യമുണ്ടു്.

'നീയാർ' എന്ന പണിക്കരുടെ ചോദ്യത്തിനുള്ള മറുപടി, 'നിൻെറ നിയ്യോ ഞാൻ. നിനക്കു വിളിക്കാമോ നിയ്യെ'ന്നു തുടങ്ങി 'ആയുധം വെപ്പിച്ചു് എടവാടു തീൎത്താൽ' എന്നതുവരെയുള്ള ഭാഗം സ്വതേയുള്ളതും; 'കയ്മൾക്കു പാട്ടും കളിയും ഉണ്ടു്,'

'ജനകൻെറ മകളല്ലോ സീതപ്പെണ്ണു്
അവൾക്കെല്ലോ രാമച്ചെക്കനുടപ്പാൻ കൊടുത്തു
അവളല്ലോ രാവണച്ചൻ കട്ടു കൂട്ടിക്കൊണ്ടുപോയി
അതുമൂലം കുരങ്ങച്ചൻ ലങ്ക ചുട്ടു.'

എന്നതു പ്രക്ഷിപ്തവും ആകുന്നു.

കയ്മളുടെ 'ഉദിക്കും ഉദിക്കില്ല' എന്ന വാദം വളരെ സാരമായിട്ടുള്ള ഒന്നാണു്. ഉദിച്ചാൽ വലുതായ ആപത്തുണ്ടാവുമെന്നാണു കണ്ടപ്പൻെറ പക്ഷം. സൂൎയ്യോദയമാണു മാസങ്ങളെ കൊണ്ടുവരുന്ന

ത്തു്. മേടമാസം വന്നാൽ കൊന്ന പൂക്കും. അപ്പോൾ പരത്തിയും പൂത്തുതുടങ്ങും. പരത്തി പൂത്താൽ പഞ്ഞിയുണ്ടാവും. പഞ്ഞികൊണ്ടു ബ്രാഹ്മണർ നൂലുണ്ടാക്കും. നൂൽകൊണ്ടു പൂണുനൂലും ഉണ്ടാക്കും. പൂണുനൂൽ ചെവിക്കടയിൽ കയറിയാൽ മൂത്രം പോകും. അപ്പോൾ ബ്രാഹ്മണർ മൂത്രം ചുട്ടു വയർ വീത്തു ചാകില്ല. അതാണത്രേ കയ്മൾ ശങ്കിക്കുന്ന ആപത്തു്. ഇതു തൃക്കാരിയൂരുവെച്ചു പെരുമാൾവരവിനു മുമ്പു നടത്തിയ ഈശ്വരസേവ മുടക്കിയ തളിയാതിരിപക്ഷക്കാരനാകിയ കയ്മളെ പരിഹസിക്കുന്നതും ബ്രാഹ്മണരുടെ കൃതിയും ആണെന്നുതന്നെ വിചാരിക്കണം. കയ്മൾ ചേരമാൻ മലനാട്ടിൽ പള്ളിക്കുന്നത്തുകൂട്ടത്തിൽ ചെറുപപ്പിൽ ചാന്നകിരിയത്തിൽ പണ്ടാരക്കുന്നത്തു പടിഞ്ഞാറെ താവഴിയിൽ ജനിച്ച ഒരു ചരിത്രപാത്രംതന്നെയാണോ എന്നു രൂപമില്ല.

IX. പൊലി:—

ഇതു സാധാരണ വലിയ അടിയന്തിരങ്ങളിൽ നടന്നുവരുന്ന മൎയ്യാദതന്നെ. ഇതാണു യഥാൎത്ഥബന്ധുകൃത്യം, സമുദായസഹകരണം, പരസ്പരസഹായം. അടിയന്തിരം നടത്തി തറവാടു മുടിയില്ല. മെയ്യിൽ തട്ടി ആൎക്കും ഒരു നഷ്ടവും നേരിടില്ല. കോട്ടവും തട്ടില്ല.

ഇതിനു ചൊല്ലുന്ന പൊലിവിരുത്തം; "പോററിയോയെൻെറ തമ്പുരാട്ടി"........എന്നു തൊട്ടു, "ഒട്ടൊഴിയാതെ പുടവയും കൊള്ളാം പട്ടും പുടവകൾ തൊപ്പികുപ്പായവും പൊന്നും പണവും പൊലിപ്പവരല്ലോ" എന്നതുവരെയാകുന്നു. പൊലി കഴിഞ്ഞു മേളം കലാശിക്കുന്നതുവരേയുള്ള ചടങ്ങുകളിൽ ബ്രാഹ്മണക്കു മാത്രമേ പ്രവേശമുള്ളൂ.

X. കുറത്തിയാട്ടം:—

ഇതു മുറമെടുത്തുകൊണ്ടു മെയ്യിൽ താൾന്നു സാവധാനത്തിൽ ഉള്ള ഒരു ആട്ടമാണു്. ഇതു ക്ഷത്രിയക്കും ആവാം.

"കാരണീ പുരാണീ വാണീ അംബികേ ഉമ്പർതായേ
കാരുണീ കരുണക്കുന്നേ കാത്തരുൾ മൂലതായെ.
മാതേവർതാൻ പണ്ടുമാവേടരായ കാലത്തു് അന്നണിക്കു
ന്നിക്കുരുവടയും.........ചുററിത്തുന്നിയ മുറവും.........
വേടരോടുകൂടിയാടിപ്പാടിക്കളിച്ചീടിന ശാന്തേ, ശരണ്യേ
ശക്തി.........വെലിക്കളത്തിൽ തുള്ളിവാ മലങ്കുറത്തീ"

എന്നു ചൊല്ലിക്കൊണ്ടാണു് ആടുക. ഈ കുറത്തി സാക്ഷാൽ ശക്തിയായിട്ടാണു സങ്കല്പിക്കപ്പെട്ടിട്ടുള്ളതു്.

XI. ബലിയുഴിച്ചൽ:—

സത്രം നടത്തുന്ന കുടുംബത്തിലെ ബാധകൾ ഒഴിക്കുകയാണു് ഇതിൻെറ ഉദ്ദേശം.

'എറാൻ; തിരുവായുസ്സുണ്ടായിരിക്കട്ടെ. തിരുമേനി വിളങ്ങിയിരിക്കട്ടെ. തിരുനാമ്പലം ഒഴിഞ്ഞിരിക്കട്ടെ. തിരുനാവു വിറച്ചിരിക്കട്ടെ. മനക്കൊട്ടാരം തെളിഞ്ഞിരിക്കട്ടെ. ഉണ്ണിത്തമ്പുരാക്കന്മാരും വളരെ വളരെ വർദ്ധിച്ചിരിക്കട്ടെ' എന്നാണ് ആരംഭം.

ഈ ഘട്ടത്തിൽ പ്രക്ഷിപ്തം വളരെയുണ്ട്.

കറാച്ചിടമുടിതന്നിൽ വസിക്കും അററംകൂടാതുണ്ടൊരു ദേവത
നെററിത്തടമതിൽ ചുററു വസിക്കും മററും പലപലദേവതമാരും

ഇതാണു ബലിവാക്യം. ബലിപ്പന്തം എടുത്തു ബലിവാക്യം ചൊല്ലിക്കൊണ്ടാണ് ഉഴിയുക. ബലിയുഴിച്ചൽ കഴിഞ്ഞാൽ പാനക്കു നാട്ടിയ പാലക്കൊമ്പഴിക്കണം.

XII. വട്ടമിരിപ്പുകളി:—

'വറുത്തരിയോ മലരുമെള്ളോ മാമ്പഴം തേവ
(ളക്കനിവോ......'

എന്ന ഗണപതിസ്തുതിയും

'എഴുവരുണ്ടേ ഭഗവതിമാരെഴുവരിലുമഴകി
(യതോ.........'

എന്നാദിയായ ദേവീസ്തുതികളും ആണു തുടക്കം. ഇതിൽ 'ആജ്ഞ്യ'മെന്നും 'ആസ്യം' അതായതു ഹാസ്യമെന്നും രണ്ടു വകുപ്പുകൾകൂടിയുണ്ട്. ആജ്ഞ്യത്തിൽ 'പൂവ്വാതെ മുല്ലേ മുല്ലേ' എന്നും മററുമുള്ള ഭാഗവും ആസ്യത്തിൽ 'ചിരിച്ചാച്ചിരിയൊട്ടു പുഞ്ചി

രിയൊട്ടം..........അച്ചിരി, ഇച്ചിരി, നിച്ചിരി, കച്ചിരി........നല്ല ചിരി, നല്ല ചിരി' എന്നു ചിരിയോട്ടചിരിയായ ഭാഗവും (ഫ) കോപ്പിട്ട പെണ്ണിൻെറ കോമരം കണ്ടിട്ടു കോൾമയിർ കൊള്ളുന്നു മാലോകരെ, (വ) അക്കരത്തിക്കയിൽ തീക്കായാൻ ചെന്നപ്പോൾ എന്നെക്കൊണ്ടെല്ലാരും അ. അ. അ. അ. അവിടിന്നിട്ടപ്പുറം കടമ്പാ കടന്നപ്പോൾ എന്നെക്കൊണ്ടെല്ലാരും ഉ. ഉ. ഉ. ഉ. (ന്ധ) ചെറുചക്യമ്മോ ചെറുചക്യമ്മോ ചെക്കനൊത്തപടി മുഞ്ചുണ്ടു, (ർ) മൂട്ടാ കടിച്ചല്ലോ വലിയാനത്തലവൻ ചത്തു. മൂടിക്കിടന്നോരു മുതുക്കയ്യൻ പറന്നേ പോയാൻ. കാട്ടിൽ കിടന്നു രണ്ടെലിക്കൂടി കടലുഴുതു. കാലത്തിളവിത്തു വിതച്ചപ്പോൾ അടയ്ക്കാ കാച്ചു. തോണ്ടിയറുത്തപ്പോൾ അരമുറം നിറയെ മാങ്ങാ. തോലു കളഞ്ഞപ്പോൾ പത്തഞ്ഞൂറു പറങ്കികപ്പൽ. (ഭ) എന്തേ പോയ് കൂക്കിവിളി. അവിടെ എന്തേ പോയ്ക്കൂക്കിവിളി.

ന്ന മാച്ചാനെ മാച്ചാനെ എട പാപി മാച്ചാനെ
മാച്ചാൻ വരുകിലോ ഇനി മറ്റൊരു വേഷം മാച്ചാനേ
...............................................................
പൊത്തുള്ള തെങ്ങിന്മേൽ കേറാമോ എടാ
ധിണ്ണം ധിമൂക്കനെ വീഴാമോ.

എന്നും മററുമുള്ള ഭാഗങ്ങളും ആകുന്നു. ഈ പാട്ടുകൾ മുഴുവൻ വായിച്ചാൽ എന്തോ മലനാട്ടിൽ നട

ന്ന ചില നേരംപോക്കുകളുടെ ദ്യോതകങ്ങളാണോ എന്നു തോന്നിപ്പോകും. എങ്ങനെയെങ്കിലും ഈ ഘട്ടം കേവലം വിനോദപരമാണു്.

## XIII. കയ്മളോതിക്കസംവാദം:—

ഈ കയ്മൾക്കു പ്രാക്കളെന്നും പറയും.

കവിടികുരുത പല്ലും വട്ടമൊത്തോരു കണ്ണും
കരമതിലൊരു ദണ്ഡും മത്സ്യപാത്രം ശിരസ്സിൽ
പുനരപി നിജ കണ്ഠേ കമ്മളും കെട്ടി മേന്മേൽ
മദനസദൃശനാകും കയ്മളെ കൈതൊഴുന്നേൻ.

ഇവിടെ കയ്മളും കയ്മരുംകൂടി ഒരു സംവാദമുണ്ടു്. അവരവരുടെ മനോധർമ്മംപോലെ എന്തു ചോദ്യോത്തരങ്ങളും ആവാം. അതിനൊരു നിയമവും ഇല്ല. ഈ ചോദ്യോത്തരങ്ങൾ കഴിഞ്ഞാൽ മത്സ്യസ്തുതി തുടങ്ങും.

വാരാന്ദീയിന്നു കിട്ടീയിനിക്കു
കാരീയതായൊരു മത്തിച്ചെറുക്കൻ
കൂരാച്ചിയായോരു കന്തേനഘത്വാ
മാരാരിലോകം ഗമനഞ്ചകാര.

.................................

പൊന്മീനുപ്പേരിയാക്കീട്ടു ഉണ്മാൻ നേരത്തു കൂട്ടുകിൽ
ചെമ്മേ കാട്ടുന്ന വിദ്യക്കു തന്മയത്വം ഭവിച്ചിടും.

.................................

തെരണ്ടിതൻ വാല്യ കളഞ്ഞു നന്നായ്
കരണ്ടിയിൽതന്നെ പൊരിച്ചുകൊണ്ടു
വരണ്ട തേങ്ങാസഹിതം ഭുജിച്ചാൽ
തിരണ്ടിടും നാളിനകത്തു നാരി.

കരിവരരുചിതേടും കാരിയെന്നുള്ള മീനേ
പരിചൊടു വല വീശിക്കൊണ്ടു ഭക്ത്യാ പിടിച്ചു
ഒരുപിടി ലവണം ചേർത്തിട്ടു മോരിൽ പകന്നാൽ
അരിമയൊടു ഭുജിപ്പാനിന്ദ്രനും മോഹമുണ്ടാം.

ഇങ്ങനെ അനേകം ശ്ലോകങ്ങൾ പ്രാക്കളുടെ കൈവശമുണ്ട്. ഇതു ക്രിയാംഗത്തിൽ പെട്ടതായി തോന്നുന്നില്ല.

കയ്മളോതിക്കസംവാദം വടക്കൻദിക്കിൽ നടപ്പില്ല. എന്നാൽ ഇരുപത്തൊന്നുദേശത്തുള്ള പൊഴായെ കാണുന്നുണ്ടുതാനും. ഇതിൽ പല നല്ലതും നേരംപോക്കുള്ളതുമായ ശ്ലോകങ്ങളുണ്ട്. എന്നാൽ ഒന്നും പ്രാചീനമാണെന്നു തോന്നുന്നില്ല. ചിലതെടുത്തുദാഹരിക്കാം:—

ഓയ്ക്കൻ:—

എന്തീക്കാണുന്നു ചാരത്തധികമുയരവേ കൂരിരുട്ടോ കൃതാന്തൻ
ബന്ധിപ്പാനാക്രമിച്ചിട്ടതു ബത കുതുകപ്പെട്ടു നേരെ വരുന്നോ
അന്ധത്വംകൊണ്ടിരുട്ടോ ശിവ ശിവ കരിമേഘങ്ങൾ
താഴത്തുവന്നോ
ചിന്തിച്ചിട്ടില്ല സാമ്യം പുനരിതു പുതുതായുള്ളൊരത്യന്തചിത്രം.

പ്രാക്കൾ:—

ധിക്കാരമായ വചനം മതി ദുഷ്ടബുദ്ധേ!
തൽകയ്യിലുള്ള കടയും വടി കിണ്ടിയെല്ലാം
വെച്ചിട്ടൊരോടമുടനേ മടിയാതെ പിന്നെ
നില്ക്കത്ര തൻെറ തലകുത്തി നരച്ച വിപ്ര!

ആരാണെന്നു കാശ്യൻ ചോദിച്ചതിനു പ്രാക്കളുടെ മറുപടി,

സാരജ്ഞൻ സാരസാക്ഷൻ സരസിജമുഖിമാ-
ൎക്കൊക്കയും കാമദേവൻ
പാരിൽ പാരം പ്രസിദ്ധൻ രസികകുലവര-
ന്മാരിൽവെച്ചഗ്രഗണ്യൻ
ധീരന്മാരായ നായൎക്കധിപനിവനഹോ,
ധീരധീരൻ സുശീലൻ
ഘോരൻ ഞാനോൎത്തിടേണം മുതുകിഴവ,ഭവാ-
നിന്നതോതിശ്ശവിപ്ര!

വാനരസ്യസ്വരൂപായ ആന്ത്രവ്യാധിധരായ ച
പുഴുത്ത...വായായ ഓതിശ്ശായ നമോ നമഃ.........

എന്നാണ്. ഇതിന് കാശ്യൻ,

ദണ്ഡധാരിസ്വരൂപായ തിണ്ണം മത്സ്യധരായ ച
ഷണ്ഡാലപ്രകൃതേ! മൂഢ! മണ്ണു തിന്നു നശിക്ക നീ.

എന്നാണു പകരം കൊടുക്കുന്നത്. ഈ സംവാദത്തിൽ പല ആഭാസങ്ങൾ കടന്നുകൂടീട്ടുണ്ട്. എന്നാൽ അതിലും ചില സ്വാരസ്യങ്ങൾ ഇല്ലെന്നില്ല.

XIV. ചെപ്പടിവിദ്യ:—

സാധാരണ പഴയ സമ്പ്രദായപ്രകാരം ഇപ്പോഴും നാട്ടുപുറങ്ങളിൽ നടപ്പുള്ള രീതിതന്നെ.

XV. വിഡ്ഢി പുറപ്പാട്:—

ഈ വിഡ്ഢിക്കു മഞ്ഞപ്പാട്ട് എന്നൊരു പാട്ടുണ്ട്. അതു സഭ്യേതരമായതുകൊണ്ട് അതിനെ സ്പശിക്കുന്നില്ല. വിഡ്ഢി പിന്നേയും പല വിഡ്ഢിത്തങ്ങളും കാട്ടുകയും പറയുകയും ചെയ്യും. അതു പോട്ടെ. ഈ ഘട്ടത്തിൽ പട്ടരു്, നമ്പൂരി, കൊങ്ങിണി, കള്ളുകുടിയൻ മുതലായ എന്തെങ്കിലും വേഷങ്ങൾ അരങ്ങത്തു വരാം. ഈ വിദൂഷകവേഷങ്ങൾക്കു് ഇപ്പോൾ ഒരു നിയമവും ഇല്ല. എന്തെങ്കിലും ആവാം.

XVI. ആയുധമെടുപ്പ്:—

ആദിമസംഘദശയിൽ ഏററവും പ്രധാനപ്പെട്ട ചടങ്ങും സംഘത്തിൻെറ പ്രയോജനവും ഇതായിരുന്നുവെന്നു മുൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ ഇപ്പൊഴോ? അതിനു ചടങ്ങുകളിൽ മാന്യസ്ഥാനമില്ല; പന്തിഭോജനമില്ല. സവ്വാണിയുടെ ഉച്ഛിഷ്ടമാത്രമായി അതുജീവിച്ചുപോരുന്നു. ഇതിൻെറ സ്വരൂപം നമുക്കൊന്നു നോക്കുക.

ഓരോരോ അടവുപിടിച്ചുള്ള അഭ്യാസങ്ങളാണ് അരങ്ങത്തു കാണിക്കുന്നതു്. വാളും പരിചയും ആയിട്ടുള്ള പ്രയോഗങ്ങൾ മാത്രമേ ഇപ്പോൾ അരങ്ങത്തു കാണിച്ചുവരുന്നുള്ളൂ. എന്നാൽ 1. മെയ്യക്കടവു്, 2. ആയുധപ്രയോഗം. അതായതു, വടി, വാളും പരിചയും, കുന്തം, പൊന്തി, ചുരിക എന്നീ ആയുധങ്ങൾ എടുത്തുള്ള പ്രയോഗം. 3. വെറുങ്കൈ പ്രയോഗം എന്നിങ്ങനെ മൂന്നുവിധം പയററു രംഗാഭ്യാസം എന്ന കവളപ്പാറെ ഗ്രന്ഥവരിയിലും, വല്ലപ്പുഴ തറക്കൽവാരിയത്തു് ഉണിക്കണ്ടവാരിയരുടെ ആയുധാഭ്യാസം എന്ന താളിയോലഗ്രന്ഥത്തിലും കാണുന്നുണ്ടു്. ഓരോ വകുപ്പിലും പതിനെട്ടടവു വീതവും, ഓരോ അടവിനും ഓരോ സമ്പ്രദായപ്രകാരം പിരിവുകളും ഉണ്ടു്. പുറമെ, കെട്ടുതാരി, നേർതാരി, അടപ്പുതാരി, പരിക്കം, അമച്ചു ഈ ഇനങ്ങളിൽക്കൂടി പരിശപ്പയററു് അറുപത്തിരണ്ടും, അടപ്പുതാരി, നോക്കുതാരി, എളക്കിനീട്ടി, വരടി, അശം, അടപ്പുവാൾ, അധികം എന്നീ ഇനങ്ങളിൽകൂടി, വീച്ചിൽ അടവു് എണ്ണത്തഞ്ചും, വകരണ്ടിൽ തഞ്ചമടക്കം അടവു നൂററിനാല്പത്തേഴ്. അടവുകളുടെ സമ്പ്രദായങ്ങളും ആയുധാഭ്യാസഗ്രന്ഥത്തിൽ കൊടുത്തുകാണുന്നുണ്ടു്. ഇതു വാളും പരിചയും എടുത്തിട്ടുള്ള പ്രയോഗം മാത്രമേ ആയുള്ളൂ.

ചെറിയ പൊന്തിയ ടവു പതിനാറു്; വലിയ പൊന്തിയടവു പതിനെട്ടു്; ഒററക്കാലിൽ വെട്ടടവു പന്ത്രണ്ടു്; കോത്തുതാരി, വെട്ടുതാരി, മുനതാരി, അങ്കത്താരി, കോത്തുവെട്ടു, കോത്തുനീട്ടു് മുതലായി വെട്ടുകളും താരികളുംകൂടി അടവു് ഇരുനൂററി നാല്പതു്; എന്നും വിവരിച്ചിരിക്കുന്നു. വടിയുടെ എണ്ണങ്ങൾ, ഗണപതി അടവു്, എടവടി, വലവടി, മന്ത്രക്കായം, ചതുരക്കായം ഈ വകയിൽ ആകെക്കൂടി അനേകമുണ്ടു്.

മെയ്യുക്കടവിൽ ആച്ചിലു, ചാച്ചുകളി, തിരിപ്പു, ഗണപതിക്കാലു്, അന്തരക്കാലു, നേർക്കാലു, തഞ്ചം, തായം, കോൽച്ചടക്കു, പന്നിച്ചടക്കു് എന്നു തൊട്ടു വളരെ പ്രകാരഭേദങ്ങളും വെറുങ്കൈപ്രയോഗത്തിൽ ബാലി വക, ജാംബവാൻ വക, ഭീമൻ വഴി, ഹനുമാൻ വഴി, വമ്മത്തട്ടു, സാരവിദ്യാസമ്പ്രദായം, കടകംവെട്ടു, അക്ഷരാണിത്തല്ലു് എന്ന പ്രയോഗങ്ങളും സവിസ്തരമായി കൊടുത്തിട്ടുണ്ടു്. ഇതിൻെറയൊക്കെ മാതൃകകൾ മാത്രം കൊടുക്കുന്നതായാൽതന്നെ ഇങ്ങനെ പത്തു പ്രസംഗങ്ങൾ ഉണ്ടായാൽ മതിയാകയില്ല. അതുകൊണ്ടു മെയ്യുക്കടവിലും, ആയുധപ്പയററിലും, വെറുങ്കൈപ്രയോഗത്തിലും ഓരോ മാതൃകയുടെ ഏതാനും വീതം ഇവിടെ എടുത്തു് ഉദാഹരിക്കാം.

1. "ഹരിഃ തൊഴുതു കുമ്പിട്ടു നിവൎന്നു തൊഴുതു തിരിഞ്ഞു തൊഴുതു, വാങ്ങിത്തൊഴുതു വലത്തും ഇടത്തും വെച്ചു, വലത്തിടത്തു് ഇടത്തുവലത്തു് എടുത്തുചാടിത്തിരിഞ്ഞു ചവിട്ടി", എന്നു തുടങ്ങിയുള്ളതു മെയ്യുക്കടവിൽ ഗണപതിക്കാലു് കരിനത്തിന്റെ തുടക്കമാണു്.

2. "ശ്രീസൂൎയ്യാദിസൎവ്വഗ്രഹേഭ്യോ നമഃ തൊഴുതു് ഊരിപ്പിടിച്ചു ചവിട്ടി എടുത്തു ചാടി വലത്തതു് വാങ്ങി എടത്തതു വെച്ചു വലിഞ്ഞുനില്ക്കു. ചെന്നു കേമം തച്ചു നിവിരെ വലിഞ്ഞു് എടവടി ഊരിവീശി......നെട്ടൻ കുത്തി എടവടി കടകം കുത്തി തൊഴുതു വാങ്ങിച്ചാടി.........." ഇതു വടിപ്രയോഗത്തിൽ കരിനത്തിന്റെ ഏതാനുമാണു്.

3. "രണ്ടു പരിഷയും തൊഴുതു കുമ്പിട്ടു കിഴക്കപടിഞ്ഞാറു ചവിട്ടി, ഇരുത്തി മുക്കോൽക്കാരൻ കിഴക്ക വന്നു ഇടത്തേക്കാലിൽ നാലും തട്ടുത്തു് അവിടെ കാതിരത്തിന്നു്, കാതിരം വെട്ടി.........."
ഇതു പകത്ത വാൾവെട്ടടവിൽ ഒരു ഭാഗമാണു്.

4. "ഹരിഃ ശ്രീഗണപതയേ നമഃ അവിഘ്നമസ്തു. വെറുങ്കൈപ്രയോഗം ചൊല്ലുന്നു:— വലത്തേതിൽ താണു എടത്തേതിൽ വെച്ചടിച്ചു വിലങ്ങി, വലത്തേതിൽ കൈക്കു മേലേ കെട്ടുക. ചോടെ

ഒക്കും ചുവട്ട് അവണ്ണം കണ്ടുകൊൾക" എന്നു മുത ലായി പതിനൊന്നു വിധങ്ങൾ കൂടിച്ചേൎന്ന വെറു ങ്കൈപ്രയോഗത്തിനാണു 'ബാലി വക' എന്നു പറ യുന്നത്. ഇത്രയും വിസ്തൃതവും അഭ്യാസക്ഷമവും ആയ നമ്മുടെ പണ്ടത്തെ ആയുധവിദ്യ ഇക്കാല ത്തു മലബാറിൽ പരിഷ്കാരബാധ തട്ടാത്ത അപൂൎവ്വം ചില ദിക്കിൽ മാത്രമേ നിലനിന്നു പോരുന്നുള്ളു. അ തും വടിപ്രയോഗത്തിൽ മാത്രമേ ജീവനുള്ളതായി കാണുന്നുള്ളു. തീരു, താരി, മന്ത്രക്കായം, ചതിരക്കാ യം, ഓതിരം, അകയോതിരം, മുനയോതിരം, കട കം, അക്ഷരാണി, കുത്തുകാൽ, നീട്ടുചുഴിക്കൽ, അ ന്നപ്പറം, ഒളവ, കേമം, കേമം തട്ടൽ, നെട്ടൻകു ത്ത് എന്നു തുടങ്ങിയ സംജ്ഞാപദങ്ങൾ സാഹിത്യ ത്തിനും നഷ്ടമായിപ്പോയി.

പത്മനാഭമേനോൻെറ കൊച്ചിരാജ്യചരിത്ര ത്തിൽ ഓതിരം, കടകം, ചട്ടലം, മണ്ഡലം എന്നു തുടങ്ങിയ പേരുകളാണു പതിനെട്ടടവുകൾക്കു കൊ ടുത്തുകാണുന്നത്. സംഘക്കാർ പറഞ്ഞുവരുന്നതു ചാ ച്ചുളി, മനേചാച്ചുളി, എളുക്കിക്കളി, തിരിപ്പു, വാളാ യ്പു, വാളുമയം, മുനേലു, വടമച്ച് എന്നൊക്കെയാ ണ്. ഗ്രന്ഥപ്രകാരം നോക്കുന്നതായാൽ ആച്ചിൽ, വീച്ചിൽ, ചാച്ചുകളി, തിരപ്പ്, അമച്ച്, നെറതാരി, അടപ്പുതാരി, നീട്ടു, വെട്ടു, ചടക്കു, തായം, തഞ്ചം,

വാളാമ്പു, മൃച്ച് എന്നൊക്കെയാണെന്നു തോന്നും. ഇതിൻെറ സൂക്ഷ്മം അന്വേഷിച്ചറിയേണ്ടതായിരിക്കുന്നു. എങ്ങനെയെങ്കിലും ഇതെല്ലാം നഷ്ടകോടിയിൽ പെട്ടു. പതിനെട്ടു സംഘത്തിനും പതിനെട്ടു വിളക്ക് ഇപ്പോഴും ഇരിങ്ങാലക്കുടെ ഉത്സവക്കാലത്തു പേർ പറഞ്ഞു കുളത്തിപ്പോരുന്നുണ്ട്. അതിൻെറ ആഗമവും നശിച്ചുപോയി. തൃക്കാരിയൂരിൽനിന്നു തൃക്കണാമതിലകത്തുകൂടി അതതു ക്ഷേത്രങ്ങളുടെ നാശകാലങ്ങളിൽ സ്വരക്ഷക്കായി സംഘങ്ങൾ ഒടുവിൽ കൂടൽമാണിക്യത്തിനെ അഭയം പ്രാപിച്ചതായിരിക്കുമോ?

പരിഷത്തുമാസികയിൽ ഇപ്രകാരം പറഞ്ഞു കാണുന്നു. "തീയ്യാട്ടിൻെറ പുരാതനത്വം ഒട്ടും ചില്ലറയല്ലെന്നു ശാസ്ത്രക്കളി (സംഘക്കളി)ക്കാരുടെ ചില പാട്ടുകൾകൊണ്ടു സ്പഷ്ടമാകുന്നുണ്ട്. സംഘക്കളിക്കാരുടെ ഒരു പാട്ടിൽ—അയ്യപ്പൻകാവിൽ അടിപ്പേൻ, തളിപ്പേൻ, ഞാൻ തീയ്യാട്ടും പാട്ടുമോത്തൂട്ടും കഴിപ്പേൻ ഞാൻ—എന്നൊരു ഭാഗം കാണുന്നുണ്ട്. പിന്നെ സംഘക്കളിക്കാരുടേയും ഭദ്രകാളിതീയ്യാട്ടുകാരുടേയും ഭദ്രകാളിയെക്കുറിച്ചുള്ള പാട്ടുകളെല്ലാം മിക്കവാറും ഒന്നുതന്നെയായിട്ടാണ് ഇരിക്കുന്നത്. അതിനാൽ കേരളത്തിൽ തീയ്യാട്ടുകൾ ഉണ്ടായതിൽ പിന്നെയാണ് സംഘക്കളിയുണ്ടായതെന്നുത

ന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.” വേണ്ട. സംഘക്കളിച്ചടങ്ങുകളിലെ പ്രക്ഷിപ്തങ്ങളും സംഘദശകളുടെ പരിണാമങ്ങളും തീരുമാനപ്പെട്ടതിനു ശേഷമേ, ഇക്കാര്യം വിചാരിക്കേണ്ടതുള്ളൂ. വിശേഷിച്ചു പാട്ടുകൾ സാമാന്യമാണെന്നു പറഞ്ഞിരിക്കുന്നതും ഒരു ലക്ഷ്യമായി വിചാരിച്ചുകൂടാ. നായന്മാരുടെ ആദികാലംമുതൽ ഉണ്ടായിരുന്നതും ഭദ്രകാളിവട്ടങ്ങളിൽ സേവക്കായി അനുപേക്ഷണീയങ്ങളും ആയ ഭദ്രകാളിപ്പാട്ടുകൾ തീയ്യാട്ടിലേക്കു പകരുവാനും വയ്യായ്കയില്ല. വംഗദേശത്തു യാത്ര എന്നൊരു സഞ്ചാരക്കളിയോഗമുണ്ട്. അതു് ഏകദേശം കൃഷ്ണനാട്ടത്തിന്റെ സമ്പ്രദായത്തിലുള്ളതാണ്. അതിൽ പൊതുജനപ്രീതിക്കായി നടത്തുന്ന ചില വിനോദങ്ങളും സംവാദങ്ങളും ഉണ്ട്. വംഗാളദേശികൾക്കും മലയാളികൾക്കും തമ്മിൽ മനുഷ്യാകൃതിശാസ്ത്രജ്ഞന്മാർ സാമ്യമുണ്ടെന്നു പറയുന്നതുപോലെ, യാത്രക്കളിക്ക് അതിനോടുകൂടി വല്ല ചാർച്ചയും ഉണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്.

ഈ കഥ അവിടെ ഇരിക്കട്ടെ. ഇനി നമുക്ക് ആലോചിക്കുവാനുള്ളതു് സംഘക്കളി ഒരു കലയാണോ എന്നതാകുന്നു. സംഘക്കളിയുടെ ചടങ്ങുകൾ ആകമാനം എടുത്തു നോക്കുന്നതായാൽ അതൊരു ‘കമല’യെന്നേ പറഞ്ഞുകൂട്ടു. പക്ഷെ, അതിലെ സാ

ഹിത്യവും, ആയുധവിദ്യയും, കുറത്തിആട്ടവും മററും കലകളിൽ ഉൾപ്പെടുത്താതെ തരമില്ല. ഏതോ ഒരു പരദേശിബ്രാഹ്മണൻ സംഘക്കളി മലയാളികളുടെ ചിത്തഭ്രമമാണെന്നു് ഏതോ ഒരു സാമൂതിരിയോടു പറഞ്ഞുവത്രെ. ഇതു് ആ പരദേശിയുടെ രുചിഭേദമല്ലെങ്കിൽ കേരളഭ്രാന്തുകൊണ്ടു് ഉണ്ടായിട്ടുള്ള തലകാച്ചിലിൻെറ ഊഷ്മാവു് അസൂയാരൂപത്തിൽ വെളിപ്പെട്ടതായിരിക്കാം.

കഷ്ടം! സംഘക്കളിയുടെ ജന്മം മറന്നു, വളച്ച് ദുഷിച്ചു, യൗവനം നശിച്ചു്, ഇപ്പോൾ വാർദ്ധക്യം കൂടി കടന്ന നിലയിൽ എത്തിയിരിക്കുന്നു. ഇനി പൂർവ്വവാസനകളോടുകൂടി ഒരു പുനർജ്ജന്മം ഉണ്ടായാൽ നന്നായിരുന്നു.

ഗ്രന്ഥകാരന്റെ

# ഇതരകൃതികൾ.

---

**ഉപന്യാസങ്ങൾ**

| | | | | | |
|---|---|---|---|---|---|
| 1. | മംഗളമാല P I ചരിത്രം | 0 | 6 | 0 |
| 2. | ,, P II സാഹിത്യം | 0 | 7 | 0 |
| 3. | ,, P III ജീവചരിത്രം | 0 | 7 | 0 |
| 4. | ,, P IV ശാസ്ത്രം | 0 | 7 | 0 |
| 5. | ,, P V പ്രബന്ധങ്ങൾ | 0 | 12 | 0 |

**ആഖ്യായികകൾ**

| | | | | |
|---|---|---|---|---|
| 6. | ഭാസ്കരമേനോൻ | 0 | 8 | 0 |
| 7. | ഭൂതരായർ | 1 | 12 | 0 |

**പ്രഹസനപ്രമേയം**

| | | | | |
|---|---|---|---|---|
| 8. | കാലവിപര്യയം | 0 | 8 | 0 |

**ഗദ്യരൂപകം**

| | | | | |
|---|---|---|---|---|
| 9. | മുന്നാട്ടുവീരൻ | 0 | 6 | 0 |

**ചരിത്രശകലം**

| | | | | |
|---|---|---|---|---|
| 10. | കൊച്ചിരാജ്യചരിതങ്ങൾ P I | 0 | 4 | 0 |

**നവീനപദ്ധതി**

| | | | | |
|---|---|---|---|---|
| 11. | പ്രസ്ഥാനപഞ്ചകം | 0 | 10 | 0 |

**ഗവേഷണം**

| | | | | |
|---|---|---|---|---|
| 12. | ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും | 0 | 12 | 0 |


മാനേജർ,

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

KOTTAYAM PUBLIC LIBRA
KOTTAYAM

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No MAI Acc. No 19674

This book should be returned on or before the date last stamped below.

26 DEC 2016
24 MAY 2019

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

MAI 19674

App-S

അപ്പൻ തമ്പുരാൻ

സംഘക്കളി